
പാറക്കടവ് ഗ്രാമപഞ്ചായത്ത്

14-ാം പഞ്ചവൽസര പദ്ധതി
2022-2027



വികസന രേഖ

2022 - 2027

ജയദേവൻ എസ്. വി.

പ്രസിഡന്റ്

പാറക്കടവ് ഗ്രാമപഞ്ചായത്ത്
മൂഴിക്കുളം, കുറുമശ്ശേരി പി.ഒ.-683 579
ഫോൺ : 0484-2473227



ആമുഖം

പഞ്ചായത്തിരാജ് നിയമത്തിലൂടെ അധികാര വികേന്ദ്രീകരണം ഇന്ത്യയെമ്പാടും നടപ്പിലാക്കിയപ്പോൾ ആസൂത്രണമികവും യഥാർത്ഥ അധികാര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും കൊണ്ട് കേരളം മികവ് പുലർത്തുകയും കേരളമെമ്പാടും ഗ്രാമീണ വികസനത്തിന് വൻ കുതിച്ചുചാട്ടം ഉണ്ടാവുകയും ചെയ്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരം ലഭിച്ചത് വഴി ജനാധിപത്യം ശക്തിപ്പെടുകയും ജനകീയ പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും അത്വഴി നാടൊന്നായ് പഞ്ചായത്ത് രാജ് നിയമത്തിന്റെ ഗുണം അനുഭവിക്കുകയും ചെയ്തു. 14-ാം പഞ്ചവത്സര പദ്ധതി കൂടുതൽ ജനകീയവൽക്കരിച്ച് പദ്ധതികൾ വിഭാവനം ചെയ്യുവാനാണ് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളോടൊപ്പവും ത്രിതല തദ്ദേശ സ്ഥാപനങ്ങളോടൊപ്പവും ചേർന്ന് നിന്ന്കൃഷി വികസനവും, മണ്ണ്, ജല സംരക്ഷണവും, ശുചിത്വ മാലിന്യ സംസ്ക്കരണവും ഉൾപ്പെടുന്ന ഹരിത കേരളവും ഭവന രഹിതരും ഭൂരഹിതരുമായവർക്കു വേണ്ടിയുള്ള ലൈഫും, ജനകീയാരോഗ്യം സാദ്ധ്യമാക്കാൻ രോഗി സൗഹൃദമായി ആശുപത്രികളെ മാറ്റുന്ന ആർദ്രം പദ്ധതിയും വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിക്കൊണ്ട് വിദ്യാലയങ്ങളെയും വിദ്യാർത്ഥികളെയും ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതരത്തിലും ആസൂത്രണ പ്രക്രിയ രൂപപ്പെടുത്തുവാനാണ് നമ്മളും ആലോചിക്കുന്നത്.

തികച്ചും കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിലെ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തുന്ന കാർഷിക വികസനം നമ്മുടെ ലക്ഷ്യമാണ്. നെൽ കൃഷിയിലും പച്ചക്കറി കൃഷിയിലും സ്വയംപര്യാപ്തത, തെങ്ങ്, വാഴ, ജാതി കൃഷികൾക്ക് പ്രോത്സാഹനം, ഉപയോഗ ശൂന്യമായ ജലാശയങ്ങൾ സംരക്ഷിക്കൽ എന്നിവ മുൻഗണന അർഹിക്കുന്ന മേഖലകളാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന സംരംഭങ്ങൾ വളർത്തികൊണ്ടുവരണം. സാമൂഹ്യനീതി ഉറപ്പു വരുത്താൻ വനിതകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ആവശ്യമായ പദ്ധതികൾ നമ്മൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി മേഖലയിൽ അവരുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ തൊഴിലവസര ങ്ങൾക്കും പ്രാധാന്യം നല്കുന്ന പദ്ധതികൾ നമ്മൾ ഏറ്റെടുത്തിട്ടുണ്ട്.

നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് മാലിന്യ പ്രശ്നം. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്ക്കരിച്ചും പ്ലാസ്റ്റിക്ക് അടക്കമുള്ള ഇതര മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിച്ചും പരിസ്ഥിതി പ്രാധാന്യത്തോടെ മാലിന്യ സംസ്ക്കരണ പദ്ധതികൾനാം മുന്നോട്ടു വയ്ക്കുന്നു. ഊർജ്ജ മേഖലയിൽ പുതുപദ്ധതികൾ ആവിഷ്ക്കരിക്കാൻ നാം ശ്രമിക്കുന്നുണ്ട്.

എല്ലാത്തിനും വിഭവ പരിമിതി നമുക്കുണ്ട് എന്നിരുന്നാലും ജനകീയ പങ്കാളിത്തത്തിന്റേയും സഹകരണത്തിന്റേയും അടിസ്ഥാനത്തിൽ അതിനെ മറികടക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് നമ്മുടെ മുതൽക്കൂട്ട്. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ സ്റ്റോക്ക് ഹോൾഡേഴ്സ് എന്നിവരുടെ നിർദ്ദേശങ്ങളും സഹായങ്ങളും നമുക്ക് ലഭിച്ചിട്ടുണ്ട്. അയൽസഭകളും ഗ്രാമസഭകളും നല്ല നിലയിൽ ആസൂത്രണ, വികസന പ്രവർത്തനങ്ങളിൽ സഹായകമാകുന്നുണ്ട്. എല്ലാ മേഖലകളേയും വിഭാഗങ്ങളേയും സംവിധാനങ്ങളെയും ചേർത്ത് നിർത്തിക്കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വേണ്ടി കൈകോർക്കുവാൻ എല്ലാവരോടും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

വിനയപൂർവ്വം


എസ്.വി. ജയദേവൻ
പ്രസിഡന്റ് പാറക്കടവ് ഗ്രാമപഞ്ചായത്ത്

അദ്ധ്യായം 1

പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	:	പാറക്കടവ്
ഗ്രേഡ്	:	1
വിസ്തീർണ്ണം	:	24.665 ച.കി.മീ.
വാർഡുകൾ	:	18
ജനസംഖ്യ (അവലംബം : 2011 സെൻസസ്)		
പുരുഷന്മാർ	:	15035
സ്ത്രീകൾ	:	15717
ആകെ	:	30752
പട്ടികജാതി ജനസംഖ്യ		
പുരുഷന്മാർ	:	1415
സ്ത്രീകൾ	:	1511
ആകെ	:	2926
പട്ടികവർഗ്ഗം		
പുരുഷന്മാർ	:	3
സ്ത്രീകൾ	:	2
ആകെ	:	5
ബ്ലോക്ക്	:	പാറക്കടവ്
താലൂക്ക്	:	ആലുവ
ജില്ല	:	എറണാകുളം

പാറക്കടവ് ഗ്രാമപഞ്ചായത്ത്



വാർഡ്		
	1	മാമ്പ പടിഞ്ഞാറ്
	2	മാമ്പ കിഴക്ക്
	3	പുളിയനം കിഴക്ക്
	4	പുളിയനം തെക്ക്
	5	കോടുശ്ശേരി
	6	വട്ടപ്പറമ്പ്
	7	കുറുമശ്ശേരി കിഴക്ക്
	8	കുറുമശ്ശേരി പടിഞ്ഞാറ്
	9	കുറുമശ്ശേരി വടക്ക്
	10	മൂഴിക്കുളം
	11	പാറക്കടവ് തെക്ക്
	12	പാറക്കടവ് വടക്ക്
	13	പൂവ്വത്തുശ്ശേരി
	14	കുന്നപ്പിള്ളിശ്ശേരി
	15	എളവൂർ
	16	പുളിയനം
	17	എളവൂർ വടക്ക്
	18	പുളിയനം പടിഞ്ഞാറ്

പഞ്ചായത്ത് ഭരണസമിതി

1. ശ്രീ. ജയദേവൻ എസ്.വി. : വാർഡ് 2 -പ്രസിഡന്റ്
2. ശ്രീമതി ഡെയ്സി ടോമി : വാർഡ് 13-വൈസ് പ്രസിഡന്റ്
3. അഡ്വ. കെ.വൈ. ടോമി : വാർഡ് 12
   ചെയർമാൻ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4. ശ്രീമതി രാജമ്മ വാസുദേവൻ : വാർഡ് 3
   ചെയർപേഴ്സൺ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5. ശ്രീ. പി.പി. ജോയി : വാർഡ് 9, ചെയർമാൻ
   ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി
6. ശ്രീമതി മിനി ജയസൂര്യൻ : വാർഡ് 1 -മെമ്പർ
7. ശ്രീ. പി.ആർ. രാജേഷ് : വാർഡ് 4 -മെമ്പർ
8. ശ്രീ. സെബാസ്റ്റ്യൻ വാഴക്കാല : വാർഡ് 5 -മെമ്പർ
9. ശ്രീമതി ബിന്ദു സന്തോഷ് : വാർഡ് 6 -മെമ്പർ
10. ശ്രീമതി ശാന്ത ഉണ്ണികൃഷ്ണൻ: വാർഡ് 7 -മെമ്പർ
11. ശ്രീമതി ജിഷ ശ്യാം : വാർഡ് 8 -മെമ്പർ
12. ശ്രീ. സി.എം. ജോയി : വാർഡ് 10 -മെമ്പർ
13. ശ്രീമതി ആശ ദിനേശൻ : വാർഡ് 11 -മെമ്പർ
14. ശ്രീമതി ഫീന റോസ് സിബി : വാർഡ് 14 -മെമ്പർ
15. ശ്രീ. രാഹുൽ കൃഷ്ണൻ : വാർഡ് 15 -മെമ്പർ
16. ശ്രീ. നിതിൻ ഷാജു : വാർഡ് 16 -മെമ്പർ
17. ശ്രീ. പൗലോസ് കല്ലറയ്ക്കൽ : വാർഡ് 17 -മെമ്പർ
18. ശ്രീമതി ജെസ്സി ജോയി : വാർഡ് 18 -മെമ്പർ

ബ്ലോക്ക് ഡിവിഷൻ പ്രതിനിധികൾ

ശ്രീ. ടി.വി. പ്രദീഷ് : കുറുമശ്ശേരി

ശ്രീമതി താര സജീവ് : പുളിയനം

ശ്രീമതി റൈജി സിജോ : പാറക്കടവ്

ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ

ശ്രീമതി ഷൈനി ജോർജ്ജ് : കറുകുറ്റി ഡിവിഷൻ

ശ്രീ. എം.ജെ. ജോമി : നെടുമ്പാശ്ശേരി ഡിവിഷൻ

നിയമസഭാംഗം

ശ്രീ. റോജി എം. ജോൺ - ബഹു. എം.എൽ.എ

ലോകസഭാംഗം

ശ്രീ. ബെന്നി ബഹനാൻ - ബഹു. എം.പി

ആസൂത്രണ സമിതി അംഗങ്ങൾ

അദ്ധ്യക്ഷൻ - പ്രസിഡന്റ്, പാറക്കടവ് ഗ്രാമപഞ്ചായത്ത്

ഉപാദ്ധ്യക്ഷൻ - ശ്രീ. സി.പി. ദേവസ്സി - 9947103434

അംഗങ്ങൾ

1. ശ്രീമതി ഡെയ്സി ടോമി - വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - 9745262036
2. അഡ്വ. കെ.വൈ. ടോമി - വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഫോൺ : 9447475119
3. ശ്രീമതി രാജമ്മ വാസുദേവൻ - ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫോൺ : 9048520652
4. ശ്രീ. പി.പി. ജോയി - ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ഫോൺ : 9847858975
5. ശ്രീ. എം.പി. നാരായണൻ, മൂഞ്ഞനാട്ട് വീട്, മൂഞ്ഞനാട്ട്, മാമ്പ്ര - 9446605607
6. ശ്രീ. സി.പി. ഡേവീസ്, ചക്യേത്ത് വീട്, എളവൂർ - 9447458212
7. ശ്രീ. പി.ജെ. ജോസഫ്, പറമ്പേൻ വീട്, പാറക്കടവ് -
8. ശ്രീ. സുനിൽ ജെ. അറയ്ക്കലാൻ, അറയ്ക്കലാൻ വീട് - 9447193983
9. ശ്രീ. പി.ഡി. ഡേവീസ്, പയ്യപ്പിള്ളി വീട് കുറുമശ്ശേരി പി.ഒ. - 9745812177.
10. ശ്രീ. വി.എ. രാജപ്പൻ, വെളുമ്പറയിൽ വീട്, വട്ടപ്പറമ്പ് പി.ഒ. - 9447753575
11. ശ്രീ. എം.പി. വർഗ്ഗീസ്, മോറേലി വീട്, പുളിയനം പി.ഒ. - 7561832473
12. ശ്രീ. പി.പി. ജോർജ്ജ്, പരിയകത്തൂട്ട് വീട്, പുളിയനം പി.ഒ. -
13. ശ്രീമതി ബീന രവി, കൈപ്പിള്ളിക്കാട്ടിൽ വീട്, എളവൂർ - 9349908276
14. ശ്രീമതി സജിത വിജയകുമാർ, ആശാരിപറമ്പിൽ, എളവൂർ പി.ഒ. - 9745132762
15. ശ്രീ. ടി.ജെ. ജോൺസൺ - 9447193983
16. ശ്രീ. സി.എസ്. രാധാകൃഷ്ണൻ - 9495254223
17. ശ്രീ. വേണു കെ.കെ. - 9947362097
18. ശ്രീ. ഗോകുൽദേവ് ജി. - 9747572676
19. ശ്രീ. എം.പി. അശോകൻ - 8075195698
20. കൺവീനർ - സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ

1. പൊതുഭരണവും ധനകാര്യവും

ചെയർമാൻ - ശ്രീ. സി.എം. ജോയ്

കൺവീനർ - സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്

അംഗങ്ങൾ

1. ശ്രീ. സി.വി. ജോസ്, ചെമ്പൻ വീട്, കറുകുറ്റി പി.ഒ.
2. വർഗീസ് കെ.വി., കൂരൻ വീട്, പുളിയനം
3. ജേക്കബ് പി.ഒ. പര്യാത്തകത്തൂട്ട് വീട്, പുളിയനം
4. ബെന്നി പി.വി. പഞ്ഞിക്കാരൻ വീട്
5. ബേബി ശശി
6. മാർട്ടിൻ കണ്ണമ്പുഴ വീട്, പാറക്കടവ്
7. പൗലോസ് ടി കെ തെക്കിനേടത്ത് വീട്, പൂവ്വത്തുശ്ശേരി
8. പോൾ വിൻസന്റ് പര്യാത്തകത്തൂട്ട് വീട്
9. ജോയി എം എമേലാപ്പിള്ളി വീട്, പുളിയനം
10. ജോൺസൺ കെ.പി. കല്ലറയ്ക്കൽ വിട്, എളവൂർ
11. എം.റ്റി. ജോൺസൺ, മാളിയേക്കൽ വീട്, മൂഴിക്കുളം
12. എം.കെ. കെ പോറ്റി
13. രാഹുൽ, പാറക്കടവ്
14. കെ.ആർ. വിൻസന്റ് കാഞ്ഞിരത്തിങ്കൽ വീട്, പാറക്കടവ്
15. ജോയി സി.പി.
16. ടി.ആർ. സാബു തൈക്കുടം വീട്, കുന്നപ്പിള്ളിശ്ശേരി
17. കെ.ടി. രതീഷ്

2. കൃഷി,മത്സ്യബന്ധനം, തൊഴിലുറപ്പു പദ്ധതി, മണ്ണ്, ജല സംരക്ഷണം,പരിസ്ഥിതി സംരക്ഷണം

ചെയർമാൻ - ശ്രീ. നിതിൻ സാജു

കൺവീനർ - കൃഷി ഓഫീസർ, പാറക്കടവ്

അംഗങ്ങൾ

1. ബെന്നി കെ പി കൂവേലി വീട്, പുളിയനം
2. സ്കറിയ ടി.കെ. തേലപ്പിള്ളി വീട്, പുളിയനം
3. ബേബി കാച്ചപ്പിള്ളി വീട്, ചെട്ടിക്കുളം
4. പ്രകാശൻ
5. മാത്യു പി.ഡി., കുറുമശ്ശേരി
6. ജെയിംസ് എം.വി. മഞ്ഞളി വീട്, പാറക്കടവ്
7. തോമസ് അപ്രേം ഇലവുത്തിങ്കൽ വീട്, പൂവ്വത്തുശ്ശേരി
8. ജനാർദ്ധനൻ വരാപ്പുഴ വീട്, എളവൂർ
9. ബാലചന്ദ്രൻ വെളിയത്തുപറമ്പിൽ വീട്
10. ബേബി പാത്താടൻ വീട്, പുളിയനം
11. മീന ചന്ദ്രൻ, മൂഴിക്കുളം
12. ജിഷ ശ്രീധരൻ
13. സി വി കുഞ്ഞുമോൻ
14. ജോസ് മത്തായി തെക്കേകുന്നിൽ വീട്
15. സനൽ
16. പി.ആർ. രാജേന്ദ്രൻ പുതുക്കോടത്ത്, പാറക്കടവ്
17. മണി ബാലകൃഷ്ണൻ
18. റീന രാജൻ, നെയ്ശ്ശേരി വീട്, പാറക്കടവ്

3. മൃഗസംരക്ഷണവും ക്ഷീരവികസനവും

ചെയർമാൻ - ശ്രീമതി ജെസ്സി ജോയ്

കൺവീനർ - വെറ്ററിനറി സർജൻ , മൃഗാശുപത്രി, പാറക്കടവ്

അംഗങ്ങൾ

1. ജെയ്സൺ കെ. മാത്യു, കിഴങ്ങേൻ വീട്, മാമ്പ്ര
2. സ്കറിയ പി.കെ., പാറയിൽ വീട്, പുളിയനം
3. റിജുമോൻ എം.പി., മഞ്ഞളി വീട്, കോടുശ്ശേരി
4. ജോയി മുക്കുങ്കൽ
5. സിജോ ദേവസ്സി, പുത്തൻപുരയ്ക്കൽ വീട്, പൂവ്വത്തുശ്ശേരി
6. ജെറിൻ ജോണി, കല്ലറക്കൽ വീട്, എളവൂർ
7. സജീവ് രവീന്ദ്രൻ, കടവത്തുപറമ്പിൽ വീട്, പാറക്കടവ്
8. സെൽജോ ജോർജ്ജ്, കുരിശുങ്കൽ വീട്, പുളിയനം
9. വർഗ്ഗീസ്, പാത്താടൻ
10. എം.റ്റി. ജോൺസൺ, മഴുവൻഞ്ചേരി വീട്, കുന്നപ്പിള്ളിശ്ശേരി
11. ജോണി പി.ഡി., പരിയാടൻ വീട്, പുളിയനം
12. സി.എ. പോളച്ചൻ, ചക്യേൻ വീട്, മൂഴിക്കുളം
13. അനീഷ് വർഗ്ഗീസ്
14. ടി.എ. ജയരാജ്
15. ബെന്നി പി.വി., പഞ്ഞിക്കാരൻ
16. പത്മനാഭൻ, വിദ്യാവിഹാർ, മൂഴിക്കുളം
17. എം.ഒ. പീയൂസ്, മൂഴിക്കുളം
18. യദു ബാലചന്ദ്രൻ

4. പ്രാദേശിക സാമ്പത്തിക വികസനം, സഹകരണം

ചെയർമാൻ - ശ്രീമതി ആശ ദിനേശൻ

കൺവീനർ - വില്ലേജ് എക്സ്റ്റൻഷൺ ഓഫീസർ

അംഗങ്ങൾ

1. ജോമോൾ സുനി കുമാർ,മഞ്ഞളി വീട്. മാമ്പ്ര
2. സെലിൻ ജോയി, രണിക്കുളങ്ങര വീട്,കോടുശ്ശേരി
3. പോളച്ചൻ കെ എ, കണ്ണമ്പുഴ വീട്,കരിപ്പാശ്ശേരി
4. എം.ജെ. പോൾ, മാളിയേക്കൽ വീട്, പാറക്കടവ്
5. സിബി വർഗ്ഗീസ്, ചക്യേത്ത് വീട്, കുന്നപ്പിള്ളിശ്ശേരി
6. ജോർജ്ജ് മണവാളൻ, പുളിയനം
7. പ്രശാന്ത് ഒ.എസ്, ഓനാലി വീട്,
8. സാന്റോ പാനിക്കുളം, എളവൂർ
9. തോമസ്, തോണ്ടുങ്കൽ വീട്, ചെട്ടിക്കുളം
10. സി.എ. സണ്ണി, ചക്യേത്ത് വീട്, എളവൂർ
11. എം.ആർ. രവി,മ ാളിയേക്കൽ, കുറുമശ്ശേരി
12. സി.എ. ശശി, ചെമ്പകശ്ശേരി, ചെട്ടിക്കുളം
13. ഇ.എസ്. നാരായൺ
14. ശിവൻ വി.പി.
15. ജോബി സി.സി.
16. എം.എസ്. ദിലീപ്

5. ദാരിദ്ര്യ ലഘൂകരണം

ചെയർമാൻ - ശ്രീമതി മിനി ജയസൂര്യൻ
കൺവീനർ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അംഗങ്ങൾ

1. വിൻസന്റ് പി.എസ്., പാറക്കടവ് വീട്, പുളിയനം
2. ബാബു, കാവലിപ്പാടൻ വീട്, കരിപ്പാശ്ശേരി
3. ജിജി, ചക്കമശ്ശേരി വീട്, കുറുമശ്ശേരി
4. സി.പി. ജോയി, പര്യാത്തകത്തൂട്ട് വീട്, പുളിയനം
5. ആന്റോ ടി., കാച്ചപ്പിള്ളി (രാജു) കാച്ചപ്പിള്ളി വീട്, പുളിയനം
6. പി.ജെ. ജോയി, പര്യാത്തകത്തൂട്ട് വീട്, പുളിയനം
7. എസ്.ഡി. ജോസ്, സ്രാമ്പിക്കൽ വീട്
8. ജോഷി പറോക്കാരൻ, പറോക്കാരൻ വീട്, മാമ്പ്ര, കറുകുറ്റി പി ഒ
9. സിന്റോ പുളിക്കൽ, പുളിക്കൽ വീട്, മാമ്പ്ര
10. മാർട്ടിൻ ജോസഫ്, മഴുവഞ്ചേരി വീട്
11. എം.വി. ലക്ഷ്മണൻ, മാക്കോലി വീട്, കുറുമശ്ശേരി
12. വർഗ്ഗീസ് പോൾ, ചക്യേത്ത് വീട്, എളവൂർ
13. പി.പി. സണ്ണി, പാറയിൽ വീട്, ചെട്ടിക്കുളം
14. എം.എ. ജോസഫ്
15. ജോൺസൺ, താടിക്കരൻ വീട്, മൂഴിക്കുളം
16. രാധാകൃഷ്ണൻ
17. സി.കെ. ഷൈജു
18. ലൂക്ക് മാൻസർജത്ത്, കരിപ്പറമ്പിൽ

6. സാമൂഹ്യനീതി

ചെയർമാൻ - ശ്രീമതി രാജമ്മ വാസുദേവൻ
കൺവീനർ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗങ്ങൾ

1. പി.വി. ജോസ്, പറമ്പി വീട്, മാമ്പ്ര
2. ഇക്ബാൽ ടി.എ, തേമാലിപറമ്പിൽ വീട്, എരയാംകുടി
3. സിബി വർഗ്ഗീസ്, പറമ്പി വീട്, മാമ്പ്ര
4. പി.ഒ. ജോസ്, പര്യത്തകത്തൂട്ട് വീട്, പുളിയനം
5. മേരി റാഫേൽ, മാടവന വീട്, കോടുശ്ശേരി, വട്ടപ്പറമ്പ്
6. വിജു എം.കെ.
7. ജോസ് പാനിക്കുളം, പാനികുളം വീട്, എളവൂർ
8. ആന്റണി പാലമറ്റം, പാലമറ്റം വീട്, എളവൂർ
9. അശോകൻ എ.പി, അമ്പാട്ടുപറമ്പിൽ
10. ഡെൻഡോ ഡേവിസ്, മോറേലി വീട്
11. പി.എൻ. സതീശൻ
12. പൗലോസ് പുളിയനം, കിരിയാന്തൻ വീട്, പുളിയനം
13. പി.ഡി. വിശ്വനാഥൻ, തളിയപ്പറമ്പിൽ വീട്, കുറുമശ്ശേരി
14. സി.പി. അനിരുദ്ധൻ, മാമ്പ്ര
15. സുനിത ഉണ്ണി
16. സി.എം സാബു, ചീരകത്തിൽ വീട്, കുറുമശ്ശേരി
17. വി.കെ. രവി
18. ശാലിനി ബിജു, ആലപ്പാട്ട്

7. വനിതകളുടെയും കുട്ടികളുടെയും വികസനം

ചെയർമാൻ - ശ്രീമതി ജിഷ ശ്യാം

കൺവീനർ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗങ്ങൾ

1. ഡിയാ മാർട്ടിൻ, മാളിയേക്കൽ വീട്, മാമ്പ്ര
2. ടി.വി. പൗലോസ്, തേലപ്പിള്ളി വീട്, പുളിയനം
3. മീന ശശി, കളപുരയ്ക്കൽ വീട്, പുളിയനം
4. കെ.ജെ ജോമി, കളപ്പറമ്പത്ത് വീട്, കോടുശ്ശേരി
5. ചന്ദ്രൻ എം.കെ., മഠത്തിപറമ്പ് വീട്, കുറുമശ്ശേരി
6. സിജി മാർട്ടിൻ, കണ്ണമ്പുഴ വീട്, പാറക്കടവ്
7. മിനി ജോൺസൺ, മാളിയേക്കൽ വീട്, എളവൂർ
8. രജനി ഉണ്ണി, ഐനിക്കത്താഴം വീട്, പൂവ്വത്തുശ്ശേരി
9. അജിത്ത് കുമാർ, കുറുമശ്ശേരി
10. സി.ഐ. തോമസ്, ചക്യേത്ത് വീട്, എളവൂർ
11. ജെസ്സി ടീച്ചർ, കാച്ചപ്പിള്ളി വീട്, മൂഴിക്കുളം
12. കെ.കെ. കുട്ടപ്പൻ
13. പി.വി. ഏല്യാസ്
14. ജിജി സിജി
15. കെ.ഡി. ഡേവിസ്, കണ്ണമ്പുഴ വീട്, മാമ്പ്ര
16. സെൽജോ ജോസ്, കല്ലറക്കൽ വീട്, എളവൂർ

8. പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം

ചെയർമാൻ - ശ്രീമതി ബിന്ദു സന്തോഷ്

കൺവീനർ - അസി. സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്

അംഗങ്ങൾ

1. ബിജു കെ.സി. എളവൂർ
2. രാജൻ കെ.ടി.
3. ജയന്തി അവിനാഷ്
4. കുട്ടപ്പൻ കെ.കെ.
5. സുനിൽ, പുളിയനം
6. സണ്ണി പി.പി., ചെട്ടിക്കുളം
7. ശശി എം.സി., കോടുശ്ശേരി
8. സുബ്രൻ ടി.എ., മാമ്പ്ര
9. രാജേഷ് പൂവ്വത്തുശ്ശേരി
10. ചന്ദ്രൻ കെ.കെ.
11. ജിജി ജിതിൻ നെല്ലിട്ടാംപുറം, ചെട്ടിക്കുളം
12. എം.കെ. സുരേഷ്
13. കെ.ടി. ഉണ്ണി
14. എം.കെ. സുരാജ്, മണക്കുന്ന്
15. കരുണാകരൻ (കർണൻ)
16. ഇന്ദിര രാജപ്പൻ, മണലിപ്പറമ്പിൽ
17. ബിനു പി.എ.
18. വിജു എം.കെ.
19. സജീവ് എം.കെ.
20. ഷിബു നാരായൺ
21. ഷിബു കെ.എൻ., കടലാശ്ശേരി
22. പ്രസാദ് കെ.ടി, കണ്ണൻകുളങ്ങര

9. ആരോഗ്യം

ചെയർമാൻ – ശ്രീ. പി.പി. ജോയ്

കൺവീനർ – മെഡിക്കൽ ഓഫീസർ

അംഗങ്ങൾ

1. മോഹനൻ ടി.എസ്., വെള്ളമ്പത്ത് വീട്, എരയാംകുടി
2. ഷിജോ ജോർജ്ജ്, കുരിശുങ്കൽ വീട്, പുളിയനം
3. പി.എസ്. സന്തോഷ് കുമാർ, എലമ്പിലാശ്ശേരി വീട്, കോടുശ്ശേരി
4. ഷൈജോ സി.കെ., പ്ലാക്കൽ വീട്, കുറുമശ്ശേരി
5. ജെയിംസ് കെ.കെ, കൂര്യൻ വീട്, പാറക്കടവ്
6. എം.ജെ. സൈമൺ (തോമസ്) മാളിയേക്കൽ വീട്, പാറക്കടവ്
7. മാർട്ടിൻ, ഭരണികുളങ്ങര വീട്, ചെട്ടിക്കുളം
8. ടി.യു. സുഭാഷ്
9. ഹരികൃഷ്ണൻ ഉണ്ണി
10. ടൈറ്റസ് ജോസ്, തൊണ്ടുങ്കൽ വീട്, ചെട്ടിക്കുളം
11. മാത്യു പി.ഡി. പയ്യപ്പിള്ളി വീട്
12. മോഹനൻ എം.എസ്., മാച്ചാംപ്പിള്ളി
13. വി.എ. പ്രഭാകരൻ
14. സന്ധ്യ സുകുമാരൻ
15. ഡെയ്സ് പോൾ, മഞ്ഞളി, എളവൂർ
16. ശ്രീജിത്ത്, കാരപ്പിള്ളി വീട്, വട്ടപ്പറമ്പ്
17. മാർട്ടിൻ കെ.എ, കാവേലിപ്പാടൻ വീട്, ചെട്ടിക്കുളം
18. ജോർജ്ജ് പി ജെ,പ്ലാക്കൽ വീട്,കുറുമശ്ശേരി

10. കുടിവെള്ളം, ശുചിത്വം മുതലായവ

ചെയർമാൻ – ശ്രീ.പൗലോസ് കല്ലറക്കൽ

കൺവീനർ – അസി. എഞ്ചിനിയർ, എൽ.എസ്.ജി.ഡി സെക്ഷൻ

അംഗങ്ങൾ

1. സി.പി. ഡേവിസ്, ചക്യേത്ത് വീട്, പുളിയനം
2. എം.ടി ഉണ്ണി, മംഗലശ്ശേരി വീട്, പുളിയനം
3. രജിത പ്രകാശൻ
4. ബിനു പി.എ. പാഴ്കുന്നത്ത് വീട്, കുറുമശ്ശേരി
5. തങ്കച്ചൻ ഐ.റ്റി., ഇഞ്ചക്കാടൻവീട്, പുളിയനം
6. റാഫേൽ ടി.പി. തകരക്കൽ വീട്, കുന്നപ്പിള്ളിശ്ശേരി
7. സി.കെ. വർഗ്ഗീസ്, ചക്യേത്ത് വീട്, എളവൂർ
8. ഷാലു പി.വി., പറോക്കാരൻ വീട്,മാമ്പ്ര
9. സത്യൻ എം.എൻ, മായാട്ട് വീട്, കോടുശ്ശേരി
10. സതീശൻ കെ.കെ., കടവത്ത് വീട്, പാറക്കടവ്
11. ടി.ആർ. പ്രേംകുമാർ, മൂഴിക്കുളം
12. ശ്രീജിത്ത് ടി.ടി., തൃക്കല്ലൂർക്കുന്ന് വീട്, പാറക്കടവ്
13. ജിബിൻ വർഗ്ഗീസ്
14. ടി.ടി. സുനി
15. മോളി തോമസ്, മഞ്ഞളി വീട്
16. ചന്ദ്രൻ എം.കെ. മറ്റത്തിപ്പറമ്പ്
17. ചന്ദ്രശേഖര വാര്യർ

11. വിദ്യാഭ്യാസം, കലയും സംസ്ക്കാരവും യുവജനകാര്യം

ചെയർമാൻ – ശ്രീ.രാജേഷ് പി ആർ

കൺവീനർ – എച്ച്.എം., ഗവ.യു.പി.സ്ക്കൂൾ, കുറുമശ്ശേരി

അംഗങ്ങൾ

1. നിഖിൽ രവി, കോവാട്ട്, കറുകുറ്റി 9633641847
2. ധനേഷ് പിതാംബരൻ, പാറക്കുന്നത്ത്, പുളിയനം
3. സുബിത്ത് സൂര്യൻ, ചക്കമശ്ശേരി, കുറുമശ്ശേരി
4. തോംസൺ ജേക്കബ്, മോറേലി വീട്, പുളിയനം
5. ജെയിൻ പാത്താടൻ, പാത്തടൻ വീട്

6. കുളങ്ങര ഉണ്ണികൃഷ്ണൻ, കുളങ്ങര വീട്, കോടുശ്ശേരി
7. ബിജുതോമസ്, മോറേലി വീട്, പുളിയനം
8. ഷീബ ജോസഫ്, തെക്കൻവീട്, കരിപ്പാശ്ശേരി
9. ശാരി ലിജോ, കരേക്കാട്ട് വീട്, കുന്നപ്പിള്ളിശ്ശേരി
10. ബിജു വി.ജെ., വേഴപ്പറമ്പൻ, മാമ്പ്ര
11. അനിൽ
12. ഡോ. സ്റ്റീഫൻ, പാനികുളങ്ങര
13. സി.കെ. സുകുമാരൻ
14. എം.കെ. പ്രകാശൻ, മാക്കോലി വീട്, കുറുമശ്ശേരി
15. ഷൈലജ വിജയൻ, മാച്ചാംപിള്ളി
16. മീര വാസു
17. കെ.ടി. സുധീഷ്

12. പൊതുമരാമത്ത്

ചെയർമാൻ - ശ്രീ. രാഹുൽ കൃഷ്ണൻ
കൺവീനർ - ഷിജി ജോസ്, അസി. എഞ്ചിനിയർ, എൽ.എസ്.ജി.ഡി സെക്ഷൻ

അംഗങ്ങൾ

1. ലേഖ രാജേഷ്, മാച്ചാമ്പിള്ളി വീട്, എളവൂർ
2. വി.വി. സണ്ണി, വേഴപ്പറമ്പൻ വീട്, മാമ്പ്ര
3. ബേബി എം.ഡി, മാടവന വീട്, കോടുശ്ശേരി
4. എം.കെ. സുരേഷ്
5. വിൽസൺ കെ.ഒ., കട്ടയ്ക്കകത്തൂട്ട് വീട്, കരിപ്പാശ്ശേരി
6. എം.ബി. പുരുഷോത്തമൻ, കിഴക്കേ മരതൂർ മന, പാറക്കടവ്
7. സ്റ്റീഫൻ പി.പി, പര്യാത്തകത്തൂട്ട് വീട്, പുളിയനം
8. ബൈജു എം.വി., മാളിയേക്കൽ വീട്, എളവൂർ
9. ജോഷി കെ.പി., കൂവേലി വീട്, മാമ്പ്ര
10. തോമസ് പൗലോസ്, മാളിയേക്കൽ വീട്, എളവൂർ
11. സി.പി. തര്യൻ, ചീരകത്തിൽ വീട്, കുറുമശ്ശേരി
12. അഭിലാഷ് ജി., നളിനം, പാറക്കടവ്
13. സിബി,പാത്തികുളങ്ങര വീട്,എളവൂർ
14. ജോബി സി.സി., ചീരകത്തിൽ
15. എം.ഐ. ജോയി, മഞ്ഞളി വീട്, പാറക്കടവ്
16. മാർട്ടിൻ കെ.ജി., കാളാംപറമ്പിൽ
17. എം.എ. ഫ്രാൻസിസ്

13. ജൈവവൈവിധ്യ മാനേജ്മെന്റ്

ചെയർമാൻ - പ്രസിഡന്റ്, പാറക്കടവ് ഗ്രാമപഞ്ചായത്ത്
കൺവീനർ - സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്

അംഗങ്ങൾ

1. ജോണി, ഗോപുരത്തിങ്കൽ വീട്, മാമ്പ്ര
2. ദേവസ്സിക്കുട്ടി, പുതുശ്ശേരി വീട്, പുളിയനം
3. മിഥുൻ ജോയി, മൈപ്പാൽ വീട്, പുളിയനം
4. നീലകണ്ഠൻ
5. സനൽ
6. എം.ഒ. പോൾ, മഞ്ഞളി വീട്, പാറക്കടവ്
7. സെബാസ്റ്റ്യൻ ജോസ്, പൈനാടത്ത് വീട്, പുളിയനം
8. ചാർലി ക്ലീറ്റസ്, പര്യാത്തകത്തൂട്ട് വീട്, പുളിയനം
9. പോളച്ചൻ, ഇരിമ്പൻ വീട്, പൂവ്വത്തുശ്ശേരി
10. സെബി ചക്യേത്ത് വീട്, എളവൂർ
11. ജിപീഷ് വി.എൻ., വെളിയത്തുപറമ്പിൽ വീട്,
12. ഷൈനി നൈജോ, കാവാലിപ്പാടൻ വീട്, എളവൂർ
13. സംഗീത സുരേന്ദ്രൻ, കുറുമശ്ശേരി
14. എം.കെ. ദാസൻ
15. സുബിത് സൂര്യൻ
16. കെ.പി. ജോർജ്ജ്, കാഞ്ഞിരത്തിങ്കൽ വീട്.

പാറക്കടവ് ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ

1. ശ്രീ. നൈറ്റോ ബേബി അരീക്കൽ - സെക്രട്ടറി , പാറക്കടവ് ഗ്രാമപഞ്ചായത്ത്
2. ശ്രീ. ജയകൃഷ്ണൻ ജി. - അസിസ്റ്റന്റ് സെക്രട്ടറി , പാറക്കടവ് ഗ്രാമപഞ്ചായത്ത്
3. ശ്രീമതി നിഹില പി.എം. - കൃഷി ഓഫീസർ, കൃഷിഭവൻ, പാറക്കടവ്
4. ശ്രീ. ഷിജി ജോസ് - അസിസ്റ്റന്റ് എഞ്ചിനീയർ, പാറക്കടവ്
5. ശ്രീമതി വീണ വി. കമ്മത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (പാറക്കടവ് സർക്കിൾ)
6. ശ്രീമതി മിനി - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (എളവൂർ സർക്കിൾ)
7. ശ്രീമതി ഡിനു ഡേവീസ് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (പുളിയനം സർക്കിൾ)
8. ശ്രീമതി ഉമ്മു ഹബീബ് - ഡയറി എക്സറ്റൻഷൻ ഓഫീസർ
9. ഡോ. രാധാമണി പി. - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, പാറക്കടവ്
10. ഡോ. ബെറ്റി ആന്റണി - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കോടുശ്ശേരി
11. ഡോ. സിയാദ് - മെഡിക്കൽ ഓഫീസർ, ഹാമിയോ(എൻ.ആർ.എച്ച്.എം)
12. ഡോ. പി. ഷൈജു - വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി
13. ശ്രീമതി ജിഷ മാത്യു - ഐ.സി.ഡി.എസ് സൂപ്പർവൈസർ
14. ശ്രീമതി ജയശ്രീ സി. - ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, കുറുമശ്ശേരി

കുടുംബശ്രീ

1. ചെയർപേഴ്സൻ - ശ്രീമതി രജനി രാജു
2. അക്കൗണ്ടന്റ് - ജീന പൗലോസ്

ഭൂപ്രകൃതി

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ പാറക്കടവ് ബ്ലോക്ക്, പാറക്കടവ് വില്ലേജ് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്താണ് പാറക്കടവ് ഗ്രാമപഞ്ചായത്ത്. 24.66 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ അതിരുകൾ വടക്ക് തൃശ്ശൂർ ജില്ലയിലെ കുഴൂർ, അന്നമനട, കൊരട്ടി പഞ്ചായത്തുകൾ, കിഴക്ക് അങ്കമാലി മുനിസിപ്പാലിറ്റി, കറുകുറ്റി ഞ്ചായത്ത്, തെക്ക് നെടുമ്പാശ്ശേരി, കുന്നുകര, പുത്തൻവേലിക്കര പഞ്ചായത്തുകൾ, അങ്കമാലി മുനിസിപ്പാലിറ്റി പടിഞ്ഞാറ് പുത്തൻവേലിക്കര, കുഴൂർ, കുന്നുകര, അന്നമനട പഞ്ചായത്തുകൾ എന്നിവയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്മണ ക്ഷേത്രം പാറക്കടവ് ഗ്രാമപഞ്ചായത്തിലെ മൂഴിക്കുളത്താണ്. ലക്ഷ്മണപ്പെരുമാൾ എന്നറിയപ്പെടുന്നതുതന്നെ പെരുമാൾ ഭരണവുമായുള്ള ഈ പ്രദേശത്തിന്റെ ബന്ധത്തെ സൂചിപ്പിക്കുന്നു. പൗരാണിക കാലത്തെ ബ്രാഹ്മണ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു മൂഴിക്കുളം. ഇവിടെ ഓത്തു പഠിക്കുന്ന ഉണ്ണികൾക്ക് വേണ്ടി നീക്കിവച്ചിരുന്ന ഭൂമി ഇപ്പോഴും ഉണ്ണിപ്പാടം എന്ന പേരിലറിയപ്പെടുന്നു. ശ്രീലക്ഷ്മണ ക്ഷേത്രത്തിലെ ശില്പചാരുത അനന്യസാധാരണമാണ്. ആര്യ ദ്രാവിഡ ബുദ്ധ ജൈന ഹൈന്ദവ സംസ്ക്കാരങ്ങൾ ഇവിടെ നിലനിന്നിരുന്നതായി സൂചകങ്ങൾ കാണാം. എ.ഡി. ആദിശതകങ്ങളിൽ രൂപപ്പെട്ട ക്രൈസ്തവ സംസ്ക്കാരത്തിന്റെ ആദിമ കേന്ദ്രങ്ങളിലൊന്നായിരുന്നു മൂഴിക്കുളം. മൂഴിക്കുളത്തുള്ള പള്ളി ഏറ്റവും പുരാതനമായ ക്രൈസ്തവ ദേവാലയങ്ങളിലൊന്നാണ്. പ്രാചീന കേരളത്തിന്റെ ചരിത്രത്തിൽ ഈ പഞ്ചായത്തിൽപ്പെട്ട മൂഴിക്കുളത്തിന് സുപ്രധാനമായ സ്ഥാനമാണുള്ളത്. ആദ്യകാലത്ത് പഞ്ചായത്തിൽ നിലനിന്നിരുന്നത് ക്ഷേത്ര സംസ്ക്കാരമായിരുന്നു. കേരളത്തിലെ മുഴുവൻ ക്ഷേത്രങ്ങൾക്കും വേണ്ടിയുള്ള ഒരു ഭരണവ്യവസ്ഥ മൂഴിക്കുളം കച്ചം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മൂഴിക്കുളം ക്ഷേത്രത്തിൽ നടന്നുവന്നിരുന്ന വാരവുമായി ബന്ധപ്പെട്ട് തിരുമൂഴിക്കളം രേഖ എന്നാന്ന് ചരിത്രത്തിലുണ്ട്. വേദപഠനത്തിനായി തിരുമൂഴിക്കളം ശാലയും ഉണ്ടായിരുന്നു. മൂഴിക്കുളം കച്ചം എന്നറിയപ്പെടുന്ന ചട്ടങ്ങൾ സാമൂഹ്യബന്ധങ്ങൾക്ക് ആസ്പദമായ വഴക്കങ്ങളെ ക്രമീകരിക്കുന്നതിന് മലനാട്ടിലാകെ പ്രാബല്യത്തിലുണ്ടായിരുന്ന സംഹിതയായിരുന്നു.

ഭൂപ്രകൃതിയനുസരിച്ച് പാറക്കടവ് ഗ്രാമപഞ്ചായത്തിനെ പൊതുവെ മൂന്നായി തിരിക്കാവുന്നതാണ്.

1. സമതലപ്രദേശങ്ങൾ
2. കുന്നിൻ പ്രദേശങ്ങൾ
3. ചരിവു പ്രദേശങ്ങൾ

1. സമതല പ്രദേശങ്ങൾ

പുഴയോടു ചേർന്നുള്ള പ്രദേശങ്ങളാണ് സമതല പ്രദേശങ്ങൾ. 10,11,12,13,15,17 വാർഡുകൾ ഇതിൽപ്പെടുന്നു. ഈപ്രദേശത്തെ ഭൂമി വളരെ ഫലഭൂയിഷ്ഠതയുള്ള എക്കൽ മണ്ണു നിറഞ്ഞതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടിയൊഴുകുന്ന ചാലക്കുടിപ്പുഴ ഈ പ്രദേശത്തെ രണ്ടായി തിരിക്കുന്നുണ്ട്. ചാലക്കുടിപ്പുഴയ്ക്ക് ഈ പേര് ലഭിച്ചതു തന്നെ പ്രസിദ്ധമായിരുന്ന മൂഴിക്കുളം ശാലയുടെ അരികിലൂടെ ഒഴുകുന്ന പുഴ എന്ന അർത്ഥത്തിലായിരുന്നുവെന്നാണ് ചരിത്രം പറയുന്നത്. ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നതിൽ ചാലക്കുടി പുഴയ്ക്കുള്ള പങ്ക് വളരെ വലുതാണ്. സമതലങ്ങളിലെ പ്രധാന കൃഷി നെല്ലും തെങ്ങുമാണ്. കവുങ്ങ്, ജാതി, കുരുമുളക്, പ്ലാവ്, മാവ്, പുളി, മുരിങ്ങ, പച്ചക്കറികൾ, റബ്ബർ,വാഴ എന്നിവയും ധാരാളമായി കൃഷി ചെയ്യുന്നുണ്ട്.

2. കുന്നിൻ പ്രദേശങ്ങൾ

പഞ്ചായത്തിന്റെ കൂടുതൽ പ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളാണ്. പ്രത്യേകിച്ച് കിഴക്കൻ മേഖല (1,2,3,4,6,18 വാർഡുകൾ). ഇവിടെ കാണപ്പെടുന്ന മണ്ണ് പ്രധാനമായും ലാറ്ററൈറ്റ് വിഭാഗത്തിലുള്ളതാണ്. ഒരു കാലത്ത് ഏറെ പ്രശസ്തമായിരുന്നു ഇവിടുത്തെ പാറക്കെട്ടുകൾ. അമിതോപയോഗം മൂലം ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ പാറക്കെട്ടായിരുന്ന എളവൂർ പാറ ഇന്ന് ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. മൈലാടും പാറ തുടങ്ങിയ കരിങ്കൽ മേടുകളും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണിവ. അവിടെ പ്രധാന കൃഷി റബ്ബർ ആയി മാറി തുടങ്ങിയിട്ടുണ്ട്. തെങ്ങ്, നെല്ല്, ഫലവൃക്ഷങ്ങൾ, ജാതി, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തു വരുന്നുണ്ട്.

3. ചരിവു പ്രദേശങ്ങൾ

കുന്നിൻ പ്രദേശങ്ങൾക്കും സമതലങ്ങൾക്കും ഇടയിലുള്ള പ്രദേശങ്ങളാണിവ. 1, 2, 3, 4, 5, 6, 8, 14, 15, 16, 18 വാർഡുകളിലെ കുറച്ചു ഭാഗങ്ങൾ ഇതിൽപ്പെടുന്നു. കേരളത്തിലെ സമതല പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാലാവസ്ഥ തന്നെയാണ് പൊതുവെ ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നത്. ജൂൺ മുതൽ സെപ്തംബർ വരെ നീണ്ടു നിൽക്കുന്ന ഇടവപ്പാതിയും തുടർന്ന് തുലാവർഷവും, മഞ്ഞുകാലവും പിന്നീട് വേനൽ എന്നിവയും അനുഭവപ്പെടുന്നു.

മണ്ണ്

മണ്ണിനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തെ മൊത്തത്തിൽ 13 മേഖലകളായി തിരിച്ചിട്ടുള്ളതിൽ പാറക്കടവ് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നത് സെൻട്രൽ മിഡ്ലാന്റ് സോൺ വിഭാഗത്തിലാണ്. അതു കൊണ്ട് പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന മണ്ണ് ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെട്ടതാണ്. പുഴയോട് ചേർന്നുള്ള സമതല പ്രദേശങ്ങളിൽ എക്കൽ മണ്ണും കാണപ്പെടുന്നുണ്ട്.

വിളകൾ

പഞ്ചായത്തിലെ പ്രധാന വിളകൾ തെങ്ങും നെല്ലുമാണ്. മൊത്തം കൃഷിയിടങ്ങളുടെ മുക്കാൽ പങ്കും തെങ്ങ് കൃഷിയാണുള്ളത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ റബ്ബർ കൃഷി തഴച്ചു വളരുന്നു. കവുങ്ങ്, ജാതി, ഫവല്യക്ഷങ്ങൾ, മരച്ചീനി, പച്ചക്കറികൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവയും കൃഷി ചെയ്തു വരുന്നുണ്ട്.

ജലസ്രോതസുകൾ

പഞ്ചായത്തിലെ പ്രധാന ജലസ്ത്രോതസ്സ് ചാലക്കുടി പുഴയാണ്. മാഞ്ഞാലി തോടും പഞ്ചായത്തിലെ മറ്റൊരു പ്രധാന ജലസ്ത്രോതസ്സാണ്. കൂടാതെ പഞ്ചായത്തിന്റെ വിവിധ ാഗങ്ങളിലുള്ള പൊതുകുളങ്ങൾ ചിറകൾ തോടുകൾ എന്നിവയും അപ്രധാനങ്ങളല്ലാത്ത ജലവിഭവങ്ങളാണ്. പഞ്ചായത്തിൽ ആകെ 57 പൊതു കിണറുകളാണ് ഉള്ളത്. പഞ്ചായത്തിലെ പ്രധാന കുളങ്ങളേയും തോടുകളേയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

കുളങ്ങൾ

രാമകുളം, നടുവിലെ കുളം, പുത്തൻകുളം, മൂടാകുളം, കാട്ടുചിറ, പരിയാക്കുളം, കാക്കുളം, മാടവന ചിറ (ചിറയ്ക്കൽ ചിറ) ലിഫ്റ്റ് ഇറിഗേഷൻ കുളം, ഉപ്പിളിക്കുളം, മാങ്കുളം, പാരണിക്കുളം, പുത്തൻകാവ് ചാൽ കുളം, കൊളച്ചാൽ കുളം, തൃക്ക കുളം, എളവൂർ പാറക്കുളം, ചാത്തൻ കുളം, ചെട്ടിക്കുളം, ഇറിഗേഷൻ കുളം, ബണ്ട് കുളം, വട്ടേക്കാട്ട് ചിറ, വലിയ കുളം, പാലുപ്പാടം കുളം, അഞ്ചലാക്കൽ കുളം, കാർത്തിക കുളം, കൊണ്ടോട്ടി കുളം, അഞ്ചുകുളം

തോടുകൾ

ആലുവ തോട്, എലഞ്ഞിക്കുഴി - കൈപ്പാലം തോട്, ഉദിമറ്റം - കൈപ്പാലം തോട്, ചെട്ടിക്കുളം -മധുരപ്പുറം തോട്, കരിപ്പാശ്ശേരി തോട്, കുളച്ചാൽ തോട്, കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ തോടുകൾ, കനാൽ തോടുകൾ

പരിസ്ഥിതി പ്രശ്നങ്ങൾ

അമിതവള പ്രയോഗങ്ങളുടേയും കീടനാശിനികളുടേയും ഫലമായി ജലസമ്പത്താകെ വിഷമയമായിക്കൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് കുടിക്കാൻ പോലും വേണ്ടത്ര ശുദ്ധമായിരുന്ന ചാലക്കുടി പുഴയിലെ വെള്ളം ഇന്ന് കുളിക്കുവാൻ പോലും കൊള്ളാതായിരിക്കുന്നു. മാമ്പ്ര, പുളിയനം, എളവൂർ പ്രദേശങ്ങളിലെ പാറ പൊട്ടിക്കൽ പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

നെൽപാടങ്ങൾ മണ്ണിട്ട്നികത്തുന്നത് കർശനമായി നിരോദിക്കേണ്ടതാണ്. നെൽപാടങ്ങൾക്കരികെ മരച്ചീനി കൃഷിയും വാഴ കൃഷിയും ചെയ്യുന്നത് ജലലഭ്യതയെ കാര്യമായി ബാധിക്കുന്നുണ്ട്. ഡ്രെയിനേജ് സംവിധാനങ്ങളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് കൃഷിയേയും പരിസ്ഥിതിയേയും സാരമായി ബാധിക്കുന്നുണ്ട്. അതുപോലെ ഈ ഭാഗങ്ങളിലെ കിണറുകളിലെ ജലവും കുടിക്കാൻ വയ്യാത്ത വിധം ചേറും മാലിന്യങ്ങളും നിറഞ്ഞതായി മാറിയിട്ടുണ്ട്.

പാറക്കടവ് ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകരും നിർമ്മാണ തൊഴിലാളികളുമാണ്. കാർഷിക സംസ്കൃതിയുടെ മാറ്റം ജനങ്ങളിൽ നല്ലൊരു ഭാഗത്തേയും നിർമ്മാണ തൊഴിലാളികളാക്കി മാറ്റിയിട്ടുണ്ട്. ഗ്രാമീണ തൊഴിലുറപ്പു മേഖലയാണ് ഈ പങ്കാളിത്തം കൂടുതലുള്ള മറ്റൊരു തൊഴിൽ. കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ, ഈറ്റ നെയ്ത്തു തൊഴിലാളികൾ തുടങ്ങിയവരും വ്യാപാരികൾ, ചെറുകിട വ്യവസായികൾ, ആ മേഖലയിൽ പ്രവൃത്തി എടുക്കുന്നവർ എന്നിവരും ഉൾപ്പെടുന്നവരാണ് ഈ ഗ്രാമപഞ്ചായത്തിന്റെ ഈ വിഭാഗങ്ങൾ ഏർപ്പെടുന്ന തൊഴിലിടങ്ങൾ. സർക്കാർ ഓഫീസുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, വിദേശ ജോലികൾ, ആതുരാലയങ്ങൾ എന്നിവിടങ്ങളിലും പ്രവൃത്തി എടുക്കുന്നവർ ഇവിടെയുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം ഈ ഗ്രാമപഞ്ചായത്തിന് നിലനിർത്താനാകുന്നുണ്ട്. പുളിയനം ഗവ. ഹയർസെക്കണ്ടറി സ്ക്കൂൾ, എൻ.എസ്.എസ്.ഹയർസെക്കണ്ടറി സ്ക്കൂൾ, പൂവത്തുശ്ശേരി സെന്റ് ജോസഫ് ഹൈസ്ക്കൂൾ, കുറുമശ്ശേരി ഗവ.യു.പി.സക്കൂൾ, സെന്റ് റോക്കീസ് എൽ.പി.സ്ക്കൂൾ, സെന്റ് ആന്റണീസ് യു.പി. സ്ക്കൂൾ, എളവൂർ ഗവ.എൽ.പി.സ്ക്കൂൾ, പുളിയനം സെന്റ് ഫ്രാൻസിസ് എൽ.പി.സ്ക്കൂൾ, മള്ളുശ്ശേരി ഗവ.എൽ.പി. സ്ക്കൂൾ, മൂഴിക്കുളം സെന്റ് മരീസ് യു.പി.സ്ക്കൂൾ, പാറക്കടവ് എൽ.പി. സ്ക്കൂൾ, സുവിദ്യ ഇംഗ്ലീഷ് മീഡിയം എൽ.പി. സ്ക്കൂൾ എന്നിവ ഈ നാടിന്റെ അക്ഷര സാന്നിദ്ധ്യങ്ങളാണ്. ഉന്നത വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ശാസ്ത്രം, ഭാഷ എന്നിവയിൽ ഡോക്ടറേറ്റ് നേടിയവർ തുടങ്ങിയവരും ഇവിടത്തെ ജന വിഭാഗങ്ങളിൽപ്പെടുന്നു.

കുറുമശ്ശേരി, മൂഴിക്കുളം, ചെട്ടിക്കുളം, പാറക്കടവ്, കണ്ണംകുഴിശ്ശേരി, പൂവത്തുശ്ശേരി, അമ്പാട്ടു പറമ്പ്, എളവൂർ, മുട്ടത്തറ, കൊളച്ചാൽത്തറ, കുന്നപ്പിള്ളിശ്ശേരി, കോടുശ്ശേരി, പുളിയനം കുന്ന്, മണക്കുന്ന്, തിടുക്കേലി, കണ്ണംകുളങ്ങര, കാവനത്തി എന്നിവിടങ്ങളിലുള്ള കോളനികൾ കേന്ദ്രീകരിച്ചാണ് ഭൂരിഭാഗം പട്ടികജാതി വിഭാഗക്കാരും താമസിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ സാക്ഷാത്ക്കരിക്കപ്പെട്ടവയാണ് ഈ സങ്കേതങ്ങൾ.

സാംസ്ക്കാരിക ധാരയിലും ഈ പഞ്ചായത്ത് ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മുൻ പന്തിയിലാണ്. ഉയർന്ന വിദ്യാഭ്യാസ നിലവാരം കലയോടും സാഹിത്യത്തോടുമുള്ള ആഭിമുഖ്യം, കാർഷിക സംസ്ക്കൃതിയുടെ പാരമ്പര്യം എന്നിവയെല്ലാം ഇതിനു പ്രധാന കാരണങ്ങളാകുന്നു. ഗ്രാമീണ ജനതയുടെ നിത്യ ജീവിതത്തിൽ ഇടപെട്ടുകൊണ്ട് അംഗന വാടികളും ആതുരാലയങ്ങളും സഹകരണ സ്ഥാപനങ്ങളും ബാങ്കുകളും സർക്കാർ ഓഫീസുകളും സാംസ്ക്കാരിക സ്ഥാപനങ്ങളും നിരന്തരം സ്തുത്യർഹ സേവനങ്ങൾ കാഴ്ച വയ്ക്കുന്നു. എങ്കിലും പരിമിതികൾ അനേകം അവശേഷിക്കുന്നുണ്ട്. സമഗ്രമായ ഒരു വികസന സമീപനം ഇതിനു പരിഹാരമാകുമെന്ന പ്രതീക്ഷയാണുള്ളത്. അതിൽ ഏറ്റവും പ്രധാനം കാർഷിക മേഖലയുടേയും ജൈവ വൈവിധ്യത്തിന്റേയും നീർച്ചോലകളുടേയും വീണ്ടെടുപ്പു തന്നെയാണ്. പ്രാദേശിക ഭരണ സംവിധാനം കാര്യക്ഷമമാക്കുക, സേവനങ്ങൾ ഫലപ്രദമായും സമയബന്ധിതമായും നൽകുക, സുതാര്യത ഉറപ്പു വരുത്തുക എന്നിവ ആവശ്യമാണ്.

സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക അവസ്ഥ

സാധാരണക്കാരും ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുമാണ് ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും. സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ധനസഹായങ്ങൾ, ഗ്രാന്റുകൾ, കെട്ടിടനികുതി, ലൈസൻസ് ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ. എന്നാൽ ഗ്രാമീണ ജനതയുടെ വിവധങ്ങളായ ആവശ്യങ്ങളിൽ ഫലപ്രദമായി ഗ്രാമപഞ്ചായത്തിന് ഇടപെടുന്നതിന് ഇത് തുലോം കുറവു തന്നെയാണ്. തൽഫലമായി വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോകുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്.

കൃഷി, കുടിവെള്ളം, പാർപ്പിടം, ജലസേചനം, ശുചിത്വം, ചികിത്സാ സഹായങ്ങൾ, ദാരിദ്ര്യ ലഘൂകരണം, തെരുവു വിളക്ക് എന്നീ മേഖലകളിലെല്ലാം അടിയന്തര ശ്രദ്ധ ആവശ്യമുള്ളവയാണ്. തെരുവു വിളക്ക് പ്രകാശിപ്പിക്കുന്നതിനായി മെയിന്റനൻസ് കോൺട്രാക്ട് ഒട്ടുമിക്ക പ്രദേശങ്ങളും വഴി വിളക്കിന്റെ കാര്യത്തിൽ പറയത്തക്ക പ്രശ്നമില്ലാത്തവയായി മാറി.

ദിനം പ്രതി പഞ്ചായത്ത് ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളിലും സേവനത്തിന് എത്തുന്ന പൊതുജനങ്ങൾക്ക് തൃപ്തികരമായ സേവനം നൽകാൻ പലപ്പോഴും സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അധികാര വികേന്ദ്രീകരണം വഴി ഒട്ടേറെ അധികാരങ്ങളും സേവന മേഖലകളും വകുപ്പുകളും കൈമാറിയിട്ടുണ്ട്. ജനസംഖ്യ, വാർഡുകളുടെ എണ്ണം, പശ്ചാത്തല സൗകര്യം, അനുബന്ധ മേഖലകൾ എന്നിവയിൽ മുന്നേറ്റങ്ങളുണ്ടായി. ആവശ്യങ്ങളുടെ പട്ടിക വർദ്ധിക്കുന്നു. എന്നാൽ ഇതെല്ലാം നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളിലുള്ള കാലാനുസൃതമായ മാറ്റങ്ങൾ, ചട്ടങ്ങളുടെ ലഘൂകരണം എന്നിവയിലും പുരോഗതി ഉണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ പലപ്പോഴും പരാതികൾക്കും പരിഭവങ്ങൾക്കുമുള്ള ഇടമായി ഗ്രാമപഞ്ചായത്ത് അവശേഷിക്കുന്നു എന്നത് ഒരു വസ്തുതയാണ്.

അധികാര വികേന്ദ്രീകരണം വഴി സദ്ഭരണം പ്രദാനം ചെയ്യുന്നതിന് സംവിധാനങ്ങളെ കാലാനുസൃതമായി, ആവശ്യങ്ങൾക്ക് വിധേയമായി പുനഃക്രമീകരിക്കേണ്ടതുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയും അതിനോടനുബന്ധമായ ചിന്തകളും ഇതിനു മാർഗദർശകമാകും എന്നു നമുക്കു പ്രതീക്ഷിക്കാം.

അദ്ധ്യായം 2
14-ാം പഞ്ചവത്സര പദ്ധതി – പൊതു വികസന സമീപനം

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
പൊതുഭരണം ധനകാര്യം	Front office താഴെ നിലയിലേക്ക് മാറ്റി, അവിടെ ഇരിപ്പിടങ്ങൾ, Touch screen സൗകര്യം, Television സൗകര്യം, കുടിവെള്ള സൗകര്യം, എന്നിവ മെച്ചപ്പെടു ത്താനുള്ള നടപടികൾ സ്വീകരിക്കുക. പഴയ വില്ലേജ് ഓഫീസ് പരിസരവും,പഞ്ചായത്ത് ഏറ്റെടുത്ത് Building പണിക്ക് Refference Library, PSC, ILETS, OET Coaching Center സ്ഥാപിക്കുക. പഞ്ചായത്ത് പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് life പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പണിത് കൊടുക്കുക. പഞ്ചായത്ത് പൊളിച്ചു പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകസമ്പൂർണ്ണ വെളിച്ച വിപ്ലവം LIFE പദ്ധതിയിൽ സ്ഥലമുള്ള വീടില്ലാത്ത എല്ലാ വ്യക്തികൾക്കും, പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പുറമ്പോക്ക് സ്ഥലം കണ്ടെത്തി അതിൽ ചെറിയ കെട്ടിടങ്ങൾ പണിക്ക് വാണിജ്യ, വ്യവസായ സംരഭങ്ങൾക്ക് വിട്ട് കൊടുത്ത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥ്തി മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക. നിലവിൽഅനധികൃതമായി പുതുക്കി പണിത കെട്ടിടങ്ങൾ പഞ്ചായത്തിന്റെ Assessment Register-ൽ കയറി വരാത്ത സാഹചര്യത്തിൽ Enquiryനടത്തി Reasses ചെയ്ത് നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി. പഞ്ചായത്തിൽ മിനി സിവിൽ സ്റ്റേഷൻ കൊണ്ടും വന്ന് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിലാക്കാനുള്ള നടപടി സ്വീകരിക്കുക. പഞ്ചായത്തിന്റെ കീഴിലുള്ള വാടക കെട്ടിടങ്ങളുടെ കുടിശ്ശിക പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. പഞ്ചായത്ത് ഓഫീസിലെ Networking തകരാറുകൾ പരിഹരിച്ച് ജീവനക്കാർക്ക് ഗുണനിലവാരമുള്ള Computer, Printerഎന്നിവ വാങ്ങി സേവനങ്ങൾ യഥാ സമയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ സുഗമമായിവെള്ളം ഒഴുകി പോകുന്നതിനുള്ള Drainage സൗകര്യങ്ങൾ ഒരുക്കുക. നികുതി പിരിവ് 100% ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. വൈദ്യുതി കണക്ഷൻ നിലവിൽ ലഭ്യമായിട്ടില്ലാത്ത സ്ക്കൂൾ അവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക. മൂഴിക്കുളം ജംഗ്ഷൻ മനോഹരമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. എല്ലാ വാർഡുകളിലും സേവാകേന്ദ്രം സ്ഥാപിക്കുക.	പുതിയ ആസ്തികൾ സൃഷ്ടിക്കുക, നിലവിലുള്ളത് സംരക്ഷിക്കുക, വിവിധ സ്രോതസ്സുകളിൽ നിന്നും പരമാവധി ഫണ്ട് സ്വരൂപിക്കുക. സൃഷ്ടിക്കുന്ന ആസ്തികൾ കൂടുതൽ ആധുനീക വൽകരിക്കുക, സൗകര്യ പ്രദമാക്കുക. ജനസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുക.	നവകേരള സൃഷ്ടിക്ക് വേണ്ടി സർക്കാർ നടപ്പാക്കുന്ന ഹരിത കേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം, ലൈഫ്. വാതിൽപടി സേവന പദ്ധതി എന്നിവ എന്നീ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ജനോപകാര പ്രദവും സേവനോന്മുഖവുമായ പദ്ധതികൾ നടത്തുക. ജന പങ്കാളിത്ത്വം നടപ്പിലാക്കുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
കൃഷി	പൂവ്വത്തുശേരി പാടശേഖരത്തിലൂടെ ഒഴുകുന്ന ആലുവ തോട് വൃത്തിയാക്കുക. എല്ലാ പാടശേഖരങ്ങളിലെയും തരിശു കിടക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കി കൃഷി ഇറക്കുന്നതിനുള്ള സൗകര്യം ചെയ്യുക. പഞ്ചായത്ത് ഏറ്റെടുക്കുക. 6.5 ഏക്കർ വലിയകുളം ചുറ്റും കെട്ടി, മാലിന്യം നീക്കി സംരക്ഷിക്കുക. കൃഷിയോഗ്യമാക്കുക. ലിഫ്റ്റ് ഇറിഗേഷൺ പദ്ധതി Maintanance. പഞ്ചായത്ത് ഏറ്റെടുക്കുക. മാടവന ചിറകെട്ടി സംരക്ഷിക്കുക. കാങ്കോലി കൈപ്പിളിക്കുന്ന് തോട് സൈഡ് കെട്ടി സംരക്ഷിക്കണം. നെൽകൃഷി പ്രോൽസാഹിക്കുക. മാമ്പ്ര ചിറകുളം കെട്ടി സംരക്ഷിക്കുക. ജൈവ പച്ചക്കറി കൃഷിയെ പ്രോത്സാഹനം, നെൽകൃഷി പ്രോത്സാഹാനം എന്നിവ ഉൾപ്പെടുത്തുക. മരച്ചീനി Processing unit വാഴ, ജാതി,തെങ്ങ് കൃഷിക്ക് മരുന്നും വളവും. കുടുബശ്രീയുടെ സഹായത്തോടെ തെങ്ങും തൈ നഴ്സറി തുടങ്ങുക. തൈകൾക്ക് subsidy അനുവദിക്കുക. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക. കൃത്യമായ സമയത്ത് വിത്ത് എത്തിച്ചു കൊടുക്കാനുള്ള സംവിധാനം ഒരുക്കുക. കുടുബശ്രീ മുഖേന പച്ചക്കറി ചന്ത. കുറുമശ്ശേരി 7,8,9 വാർഡുകളിൽ തരിശു ഭൂമി കൃഷിയോഗ്യമാക്കുക. കുറുമശ്ശരി 7-ാം വാർഡ് തുളച്ചാൽ - പാപിരിക്കാട് നെടുംപുറം പാടശേഖരം കൃഷിക്ക് ഉപയുക്തമാക്കാക. തോടുകൾ വൃത്തിയാക്കി വെള്ളം എത്തിക്കുതിനുള്ള നടപടി സ്വകരിക്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. എളവൂർ കുട്ടാടൻ പാടശേഖരത്തിൽ വെള്ളക്കെട്ട് ഒഴിവാക്കണം. എളവൂർ 15-ാം വാർഡിൽ അരുപാടം പ്ലാസ്റ്റിക്ക് കൂമ്പാരങ്ങൾ കൊണ്ട് മലിനമായി കൊണ്ടിരിക്കുകാണ്. അത് നീക്കം ചെയ്ത്, കൃഷിയിടങ്ങളിലെ വളർച്ചയ്ക്ക് ഭീഷിണിയാകുന്ന ഇത്തരം പ്രവർത്തികൾക്ക് നിർദ്ദേശകമായി ബോർഡ് സ്ഥാപിക്കുക. കുറുമശ്ശേരി 7-ാം വാർഡ് തുളച്ചാൽ ഭാഗം ഏകദേശം 100 ഏക്കറോളം സ്ഥലത്ത് ഇറിഗേഷൻ ഇപ്പോഴും സാധ്യമാക്കിയിട്ടില്ല. കുറുമശ്ശേരി LI വെള്ളം ഈ പ്രദേശത്ത് (തുളച്ചാൽ ഭാഗം) എത്തുന്നില്ല. ആയത് കൊണ്ട് തുളച്ചാൽ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ഉണ്ടായിരുന്നത് നിർത്തുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതി വീണ്ടും പ്രവർത്തന യോഗ്യമാക്കണം.ഉപയോഗ ശുന്യമായ പാറക്കുളങ്ങളിലെ വെള്ളം ഇറിഗേഷന് ഉപയോഗപ്പെടുത്തുക.	ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, ഭക്ഷ്യവിളകളുടെ വിസ്തൃതിയും ഉദ്പാദനക്ഷമതയും വർദ്ധിപ്പിക്കുക. തരിശ് നിലങ്ങൾ പൂർണ്ണമായും കൃഷിയോഗ്യമാക്കുക. നെൽ കൃഷി ഗ്രൂപ്പ് ഫാമിംങ്ങ് കൃത്യതയോടെ നടപ്പിലാക്കുക. കാർഷിക വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുക. ജല സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ വർദ്ധിപ്പിക്കുക. പൊതു കുളങ്ങളും സ്വകാര്യ കുളങ്ങളും ഉപയുക്തമാക്കി കൂടുതൽ ജലസേചന സൗകര്യ പദ്ധതികൾ രൂപപ്പെടുത്തുക. കാർഷിക സമയക്രമം ഉണ്ടാക്കി ഉൽപാദനം മെച്ചപ്പടുത്തുകയും കാലാവസ്ഥയ്ക്ക് അനുസൃതമായി കൃഷി രീതി തയ്യാറാക്കുക.	വ്യക്തിപരമായ സബ്സിഡികൾ ഗുണഭോക്താക്കളുടെ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് ഒത്തവണ്ണം മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുക. കൃഷി നാടിന്റെ സംസ്ക്കാരമാക്കി മാറ്റുക. എല്ലാവരേയും ചെറിയ തോതിലെങ്കിലും കാർഷിക വൃത്തിയിൽ പങ്കെടുക്കുക പ്രേരകമാക്കുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
മൃഗസംരക്ഷണം	താറാവ്, മുട്ടകോഴി വിതരണം പദ്ധതി രൂപികരണം. കന്നുക്കുട്ടി പരിപാലനം (കാലിതീറ്റ) ഗുണ ഭോക്താത്തളുടെ എണ്ണം വാർഡുതലത്തിൽ പശു വളർത്തൽ പദ്ധതി രൂപികരണം ആട് വിതരണം ജനറൽ SC ഗുണഭോക്താക്കൾക്ക് പദ്ധതി രൂപീകരണം തീറ്റ പുൽകൃഷി നടത്തുന്നതിന് പദ്ധതി രൂപികരണം പേ വിഷ ബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തി വയ്പ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക. പഞ്ചായത്ത് തലത്തിൽ ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുക (ചാണക സംഭരണം) ക്ഷീര കർഷകർക്ക് സബ്സീഡി അനുവദിക്കുക. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക കന്നുകാലി ഇൻഷുറൻസ് ക്ഷീര കർഷകരെയും ഇൻഷുറൻസിൽ ഉൾപ്പെടുത്തുക. ആട് വിതരണം. മരുന്നു വിതരണം. വെറ്ററിനറി സബ്സെൻറ്റിന്റെ ആവശ്യകത പുളിയനം ഭാഗത്ത് നടപ്പിൽ വരുത്തുക. പശു വളർത്തൽ പദ്ധതി.	ക്ഷീര കർഷകർക്ക് പാൽ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക. മുട്ട, മാംസം എന്നിവയുടെ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സഹായം നൽകുക. പാൽ ഉദ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുക. ക്ഷീര മേഖലയിലെ പ്രവർത്തനങ്ങളെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുക.	പാൽ , മുട്ട , മാംസം എന്നിവയുടെ ഉദ്പാദനം മുഖ്യ തൊഴിലായോ ഉപ തൊഴിലായോ കണ്ട് മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക. ഒരു പുതിയ തൊഴിൽ സംസ്കാരം വളർത്തുക.
പ്രാദേശിക സാമ്പത്തിക വികസനം	എല്ലാ വാർഡുകളിലും വഴി വിളക്കുകൾ സ്ഥാപിക്കുന്നതിനും ലൈൻ വലിക്കുന്നതിനും വേണ്ട കാര്യങ്ങൾ നടപ്പിലാക്കുകയും അതിനു വേണ്ട ഫണ്ടുകൾ കൂടുതൽ അനുവദിക്കുന്നതിനും വേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചു. ജല ജീവൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ എല്ലാ വീടുകളിലും എത്തിക്കാൻ വേണ്ട നടപടികൾ എടുക്കണം. ഹരിത കർമ്മ സേന പ്രവർത്തനം അനുവദിക്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ നടപ്പിലാക്കുക. plastic waste, കിറ്റുകൾ എന്നിവ വീടുകൾ തോറും ശേഖരിക്കുവാൻ ഉള്ള തീരുമാനം. കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക. വയോജന കൂട്ടായ്മയ്ക്ക് പകൽ വീട് നിർമ്മിക്കുതിനുള്ള ഫണ്ട് വകയിരുത്തുക.	പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം കൂടുതൽ ആധുനീകവൽക്കരിക്കുകയും ഉപോൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ തയ്യാറാക്കുക. പദ്ധതികൾ വായ്പാ ബന്ധിത പ്രൊജക്ടുകൾ ആക്കി തയ്യാറാക്കുക. ചെറുകിട വ്യവസായങ്ങൾ, ഗ്രാമ കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക. കുടുംബശ്രീ,സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിക്കുക.	കുടുംബശ്രീ പ്രവർത്തകർ മറ്റ് ഇതര ഗ്രൂപ്പുകൾക്കും, സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും പരിശീലനം നൽകുക. സംരംഭകരെ പ്രോത്സാഹിപ്പിക്കുക. ഉദ്പാനത്തിനും വിപണനത്തിനും ഭൗതീക സാഹചര്യങ്ങൾ ഏറ്റെടുക്കുക. വ്യവസായ പാർക്ക് കൊണ്ട് വരുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
ദാരിദ്ര്യ ലഘൂകരണം	വീടു മെയിന്റനൻസ് കൂടുതൽ ഗുണ ഭോക്താക്കൾ (sc/general) നിൽകുക. ആശ്രയ വീടു എല്ലാ വാർഡുകളിലും (sc/general) നിൽകുക.വീട് മെയിൻറനൻസ് (sc/general) തുക വർദ്ധിപ്പിക്കുക. ടോയ്ലറ്റ് മെയിന്റനൻസ് ആനുകൂല്യം വർദ്ധിപ്പിക്കുക. എല്ലാ ഭൂരഹിത ഭവന രഹിതർക്കും ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവന ധനസഹായം നൽകുക. ലൈഫ് മിഷൻ പുതിയ ഗുണഭോക്താക്കൾക്ക് കൂടി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിത മാക്കുക. വീടുമെയിന്റനൻസ് (ആശയ) (sc/ general) തുകയും എണ്ണവും വർദ്ധി പ്പിക്കുക, കാർഷിക മേഖലയിൽ കുടും ബശ്രീയെ ഉൾപ്പെടുത്തി കൂടുതൽ തൊഴിൽ സാധ്യത ഒരുക്കുക. കുടുംബശ്രീ അംഗ ങ്ങൾക്ക് കാർഷിക നഴ്സറിയിലേക്ക് ചെടികൾ ഉ പാദിപ്പിച്ച് ന കുന്നതിനു വേണ്ട പരിശീലനം നൽകുക. ആശ്രയ അംഗ ങ്ങളുടെ എണ്ണത്തിന് വേണ്ടത്ര ഫണ്ട് അനുവദിക്കുക. വനിതകൾക്ക് തയ്യൽ പരിശാലനം നൽകി തയ്യൽ മെഷീൻ വിതരണം ചെയ്യുക .പഞ്ചായത്തിലെ എല്ലാ എസ് സി കോളനികളും കൂടുംബങ്ങളും പരിശോധന നടത്തി നിജസ്ഥിതി വിലയിരു ത്തുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തുക. ആശ്രയയുടെ സർവേ നടത്തി അനർഹരെ ഒഴിവാക്കി അർഹരെ കൂട്ടി ചേർക്കുക. പഞ്ചായത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിതർക്കും വീട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനറൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്യുക. ആശ്രയ ഗുണഭോക്താക്കൾക്ക് ലഭിച്ചു കൊണ്ടിരുന്ന പോഷകഹാര കിറ്റ് മുടങ്ങി കിടക്കുന്നു. പഞ്ചായത്ത് ഇടപെട്ട് ഇതു പുനരാരംഭിക്കുന്നതിനുള്ള നടപടി എടു ക്കുക. കുടുംബശ്രീക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് നൽകുക. പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് ഒരു ഹെൽപ് ഡെസ്ക് സംവിധാനം ഒരുക്കുക.	ലൈഫ് മിഷന്റെ ഭാഗ മായി വീട് ഇല്ലാത്ത എല്ലാവർക്കും വീട് ജീർണ്ണിച്ച വീടുകളുടെ പുനരുദ്ധാരണം പല പ്പോഴായി വീട് ലഭിച്ച വർക്ക് പണി പൂർത്തീ കരിക്കാൻ കഴിയാ ത്തവർക്ക് പണി പൂർത്തീ കരിക്കാൻ, കോളനികളെ മാലിന്യം വിമുക്തമാക്കി, അടിസ്ഥാന സൗകര്യ ങ്ങൾ വികസിപ്പിക്കുക, വിവിധ തൊഴിലുകളുടെ ബാങ്ക് ഉണ്ടാക്കുക അതു വഴി പുതിയ തൊഴിലവ സരങ്ങൾ സൃഷ്ടിക്കുക.	നവകേരള സൃഷ്ടി യുടെ ഭാഗമായി ലൈഫ് ഉൾപ്പെടെ യുള്ള മിഷൻ പ്രവർ ത്തനങ്ങളെ ഏകോ പിപ്പിച്ച് 13-ാം പഞ്ചവ ത്സര പദ്ധതി കാലത്ത് അർഹരായ മുഴുവൻ പേർക്കും വീട് നൽ കുക, കോളനികളിൽ സമഗ്ര വികസനം നട പ്പിലാക്കുക. ഫ്ളാറ്റ് സമുച്ചയങ്ങളുടെ സാധ്യത കണ്ടെത്തുക

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
സാമൂഹ്യനീതി	വയോജന കൂട്ടായ്മയ്ക്ക് ഫണ്ട് അനുവദിക്കുക. വയോജന Nco ക്യാമ്പുകൾ സംഘടിപ്പിക്കുക. ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ക്യാമ്പുകൾ സംഘടിപ്പിക്കുക. ബാലസഭ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുക. ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷം പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഒരുക്കുക. അങ്കണ വാടികൾ ശിശു സൗഹൃദമാക്കുക. Baby friendly toilet എല്ലാ അങ്കണവാടി കളിലും നിർമ്മിക്കുക. ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസ നിലവാരം അനുസരിച്ച് പരിശീലനം നൽകി തൊഴിലുകൾ നൽകുകയും അതുവഴി അവരുടെ ജീവിത നിലവാരം മെച്ച പ്പെടുത്തുക. 53-ാം നമ്പർ അങ്കണവാടിയിൽ പുതിയ കെട്ടിടം അനുവദിക്കണം 10 സെന്റ് സ്ഥലം ഉള്ളതിനാൽ മോഡൽ അങ്കണവാടി നിർമ്മിക്കാവുന്നതാണ്. 48, 51, 66, 31 എന്നീ അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക. (48 മാമ്പ്ര, 51 പുളിയനം, 66 കുറുമശേരി, 131 മാമ്പ്ര)	വയോജന കൂട്ടായ്മയും ക്ലാസ്സുകൾ സംഘടിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, കൗൺസിലിംഗുകൾ സംഘടിപ്പിക്കുക, ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംഘടിപ്പിക്കുക, ആധുനീക വീൽ ചെയറുകൾ നൽകുക, സൈക്കിൾ ടൂവീലർ എന്നിവ നൽകുക	വിവിധ സ്രോതസ്സുകളിൽ ലഭിക്കാവുന്ന പരമാവധി ഫണ്ട് സ്വരൂപിച്ച് ആവശ്യങ്ങൾ നിറവേറ്റുക. തൊഴിൽ സഹയ സംരഭങ്ങൾ
പട്ടികജാതി പട്ടികവർഗ്ഗ വികസനം	ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ളാറ്റ് നൽകുന്ന കാര്യം വികസന രേഖയിൽ സൂചിപ്പിട്ടുണ്ട്. എന്നാൽ ഫ്ളാറ്റ് നൽകുന്നതിനോട് ഞങ്ങളുടെ ഗ്രൂപ്പ് ചർച്ചയിൽ എല്ലാവർക്കും എതിർപ്പ് പ്രകടിപ്പിച്ചു. SC വിഭാഗങ്ങളുടെ വീട് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത് അഡ്വാൻസ് തുക നൽകേണ്ടതാണ്. SC വിവാഹ ധനസഹായം, ടോയ്ലറ്റ്, എന്നിവയ്ക്ക് കൂടുതൽ ഫണ്ട് വകയിരുത്തണം. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ധനസഹായം ഫണ്ട് വിലയിരുത്തേണ്ടതാണ്. പട്ടികജാതി വിഭാഗം വീടുകളിൽ മാലിന്യ സംസ്ക്കരണം നടത്തുന്നതിനു വേണ്ട വേസ്റ്റ് ബിനുകൾ നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കുക. SC വിഭാഗം ആളുകൾക്ക് തൊഴിൽ പരിപാലനം നൽകുന്നതിനു വേണ്ട ഫണ്ട് വകയിരുത്തണം. LPSC കോച്ചിംഗ്, ILETS കോച്ചിംഗ്. SC കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ട നടപടികൾ വരുംവർഷങ്ങളിൽ നടപ്പിലാക്കേണ്ടതാണ്. ശുചിത്വ മിഷൻ വഴി അനുവദിക്കുന്ന ടോയ്ലറ്റ് മെയ്ന്റനൻസ് പദ്ധതി മുഖേന 5000 രൂപ നൽകുന്നത് ഫണ്ട് വർദ്ധിപ്പിച്ച് നൽകുന്നതിന് വേണ്ട നടപടി എടുക്കേണ്ടതാണ്. എൻട്രൻസ് തൊഴിൽ പരിശീലനം കരിയർ ഗൈഡൻസ്	എല്ലാവർക്കും വീട്, ഭൂര ഹിതരായവർക്ക് ഭൂമിയും റോഡ് നിർമ്മാണം പൂർത്തീകരിക്കാത്ത മുഴുവൻ വീടുകൾ പൂർത്തീകരണം , സാമൂഹീക സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം, ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തൽ.	വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.കുടിവെള്ളം, വൈദ്യുതി,പശ്ചാത്തല സൗകര്യങ്ങൾഎന്നിവ മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ സഹായം, ലാപ്ടോപ്, സൈക്കിൾ എന്നിവ നൽകുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
വനിതകളുടെയും കുട്ടികളുടെയും വികസനം	വനിതകളുടെ വികസനത്തിന് അവരെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ എന്തെങ്കിലും ഒരു ഉൽപ്പന്നം തയ്യാറാക്കി വനിതകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള സംവിധാനം ആരംഭിക്കുക. കുടുംബശ്രീ സംരഭങ്ങളിൽ നിന്നും ഉൽപ്പാദിക്കുന്ന വസ്തുക്കൾ വിൽക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്. Mini indoor stadium കൗമാരക്കാരായ പെൺക്കുട്ടികൾക്കും, വനിതകൾക്കും, ഈ കെട്ടിടത്തോട് അനുബന്ധിച്ച് fitness center ഒരുക്കുക. വനിതകൾക്ക് പഴം, പച്ചക്കറി, കൃഷി മെച്ചപ്പെടുത്തുന്നതിന് വളം,വിത്ത്,തൈ ഉൾപ്പെടെ സൗജന്യമായി വിതരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഒരുക്കണമെന്ന് നിർദ്ദേശമുണ്ടായി. തെഞ്ഞെടുക്കപ്പെട്ട ഹരിതകർമ്മ സേനകൾക്ക് തൊഴിൽ നൽകണമെന്ന് നിർദ്ദേശമുണ്ടായി. കൗമാരക്കാരായ കുട്ടികൾക്ക് Career guidance, Life skills training (നൈപുണ്യ വികസന) ക്ലാസ്സുകൾ പഞ്ചായത്ത് തലത്തിൽ നടത്തണമെന്ന നിർദ്ദേശമുണ്ടായി. വിദ്യാസമ്പന്നരായ വനിതകൾക്ക് പരിശീലനം നൽകി തൊഴിൽ അവസരങ്ങൾ നൽകുക. സ്ത്രീകളുടെ സുരക്ഷയെ മുൻനിർത്തി എല്ലാ വാർഡുകളിലും Surveliance camera സ്ഥാപിക്കുക. നിലവിലുള്ള JLG ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നവ ഏതൊക്കെയെന്ന് കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.	വനിതകൾക്ക് തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക. ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉയർത്തുക, കുടുംബശ്രീ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുക. സാമൂഹീകമായ പദവി ഉയർത്തുക. അവരുടെ വരുമാനം വർദ്ധിപ്പിക്കുക. വനികൾക്കുള്ള തൊഴിൽ സേന.	സമൂഹത്തിൽ സ്ത്രീകൾക്ക് തുല്യ പദവി പരിഗണന നയം ഉണ്ടെന്ന് ഉറപ്പാക്കുക. സ്ത്രീകൾക്ക് എതിരെ വർദ്ധിച്ചു വരുന്ന അക്രമങ്ങളെ തടയാൻ ജാഗ്രതാ സമിതികൾ പോലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഒരു നല്ല സംസ്ക്കാരം നടപ്പിലാക്കുക, വനിതകൾക്കുള്ള തൊഴിൽ സേന

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
ആരോഗ്യം	FHC യിൽ മുഴുവൻ സമയം (24 മണിക്കൂർ) ഡോക്ടറുടെ സേവനം ലഭ്യമാക്കുക. പഞ്ചായത്തിന് സ്വന്തമായി ആംബുലൻസ് സംവിധാനം നടപ്പിലാക്കുക. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് വാക്കറുകൾ, എയർബെഡുകൾ എന്നിവ ലഭ്യമാക്കുക. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നിവയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. കാൻസർ, ഹൃദയ സംബന്ധമായ അസുഖത്തിനുള്ള മരുന്നുകൾ, ഇൻസുലിൻ എന്നിവയ്ക്ക് കൂടുതൽ തുക അനുവദിക്കുക എല്ലാ ചികിത്സാ സംവിധാനങ്ങളും ഉൾപ്പെടുത്തികൊണ്ട് മാതൃക ആരോഗ്യ ഗ്രാമപദ്ധതി നടപ്പിലാക്കുക. കുടുംബശ്രീയുമായി ചേർന്ന് ഔഷധതോട്ടം നട്ടുപിടിപ്പിക്കുക. ഔഷധിയുമായി ബന്ധ പ്പെട്ട് അത് വിൽക്കുന്നതിനുള്ള സൗകര്യം ഒരുക്കുക. ഹോമിയോ ആശുപത്രിയുടെ നേതൃത്വത്തിൽ ഗ്രാമത്തിലെ മറ്റു സ്ഥലങ്ങളിൽ മാസത്തിലൊരിക്കൽ OPസംവിധാനം നടപ്പിലാക്കുക. ഹോമിയോ ആശുപത്രിയുടെ മരുന്നുകൾ വയ്ക്കുന്നതിനായി store room സംവിധാനം ഒരുക്കുക. furniture വാങ്ങുക. കംമ്പ്യൂട്ടറും മറ്റുഅനുബന്ധ സംവിധാനങ്ങളും (scanners, printers, net connection) ലഭ്യമാക്കുക. പൂവ്വത്തുശ്ശേരിയിലെ subcentre തുറന്നു പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.	ആർദ്രം പദ്ധതിയിൽ ആരോഗ്യ സ്ഥാപനങ്ങളിലൂടെ നേരിട്ട് സൗജന്യമായി കിടപ്പു രോഗികൾക്ക് ചികിത്സ ഉറപ്പാക്കുക. രോഗ നിർണ്ണയത്തിനും രോഗ പ്രതിരോധത്തിനും കൂടുതൽ പ്രാമുഖ്യം കൊടുക്കുക. ചികിത്സയ്ക്കായി വരുന്ന ചിലവുകൾ പരമാവധി കുറയ്ക്കുക. ജീവിത ശൈലി രോഗങ്ങളെ കണ്ടെത്താനും തടയാനും ആവശ്യമായ ബോധവൽക്കരണ പരിപാടികളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുക. മെഡിക്കൽ ക്യാമ്പ് നടത്തുക. ഖര മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ പദ്ധതിയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ വേണ്ട പദ്ധതിയും നടപ്പിലാക്കുക.	മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക. മാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാധാന്യത്തെ ക്കുറിച്ച് ബോധവ ക്കരണ പരിപാടികൾ സംഘടിപ്പിക്കുക. കർശനമായ നിയമ നടപടികൾ സ്വീകരിക്കുക. ആരോഗ്യ സ്ഥാപനങ്ങളിൽ ആധുനികവും മെച്ചപ്പെട്ടതുമായ സേവനം ഉറപ്പാക്കുക. പൊതു ഇടങ്ങൾ മലിനമാക്കുന്നത് കർശനമായി തടയുക. ഫോഗിംഗ് മെഷിൻ, പ്രതിരോധ കുത്തി വയ്പിനുള്ള പ്രോത്സാഹനം പരിസര ശുചീകരണം.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
കുടിവെള്ളം ശുചിത്വം	മൂഴിക്കുളം പള്ളിയുടെ ബാക്ക് സൈഡ് - കുടിവെള്ളം മോശമാണ് സടപടി ഉടൻ നൽകണം. കോടുശ്ശേരി കോളനിയിലും പഞ്ചായത്തിന്റെ എല്ലാ കോളനികളിലും വാട്ടർ അതോറിറ്റി വഴി കുടിവെള്ളം എത്തിക്കാൻ വേണ്ട നടപടി ഉണ്ടാകണം. പ്രധാൻ മന്ത്രി ജലജീവൻ പദ്ധതി എല്ലാ വീടുകളിലേയും കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ എടുക്കുക. ജനറൽ വിഭാഗങ്ങൾക്കും തുല്യനീതിയിൽ കുടിവെള്ള കണക്ഷനുകൾ കിട്ടാത്ത വീടുകൾ ഉണ്ടെങ്കിൽ എത്രയും വേഗം നടപ്പിലാക്കുക. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള കുളങ്ങളും തോടുകളും മാലിന്യ മുക്തമാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്. പാറക്കടവ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ, കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കുന്നപ്പിള്ളിശ്ശേരി (14-ാം വാർഡ്) 4 സെന്റ് കോളനിയിലെ പൊതുകിണർ ലക്ഷം വീട് (2 എണ്ണം) അടിയന്തരമായി ഗ്രിൽ ഇട്ട് സംരക്ഷിക്കേണ്ടതാണ്. കുന്നപ്പിള്ളിശ്ശേരി (14-ാം വാർഡ്) ലിഫ്റ്റ് ഇറിഗേഷന്റെ വാൽവ് പൊട്ടി പമ്പിംഗ് തുടരണമെങ്കിൽ അടിയന്തിരമായ തകരാർ പരിഹരിക്കണം. കുന്നപ്പിള്ളിശ്ശേരി 14 വാർഡ് ലക്ഷം വീട് കോളനിയിലെ പൊതു കിണറും സംരക്ഷിക്കണം. കാങ്കോളി തോട് സമയബന്ധിതമായി പായൽ മാറ്റി വൃത്തിയാക്കുക. കാർത്തികകുളം അഞ്ചലാക്കൽ കുളം എന്നുവ ചെളി മാറ്റി കെട്ടി സംരക്ഷിക്കുക വാർഡ് 11	മഴവെള്ളക്കൊയ്ത്ത്, കിണർ റീചാർജ്ജിംഗ്, മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, നീർത്തടങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങളിലൂടെ മണ്ണിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. പുഴകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ മാലിന്യ മുക്തമാക്കി സംരക്ഷിക്കുക. ജൽജീവൻ മിഷനുമായി സഹകരിച്ച് മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധജല വിതരണം	വ്യക്തിപരമായി നൽകുന്ന സബ്സിഡി ഈ മേഖലയ്ക്കു ഗുണകരമായി മാറ്റുന്നതിന് സഹായകരമായിരിക്കണം. ജലത്തെ അമൂല്യമായികണ്ട് നിലവിലുള്ള എല്ലാ ജല സ്രോതസുകളേയും തണ്ണീർത്തടങ്ങളേയും സംരക്ഷിക്കുക. ശുദ്ധജലം ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക. ശുപിത്വത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരെ ബോധവൽക്കരിക്കുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
വിദ്യാഭ്യാസം, കലയും സംസ്ക്കാരവും യുവജനവും	സാക്ഷരത തുല്യത പരീക്ഷ നടപടികൾക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3,00,000 (3 ലക്ഷം) രൂപ അതിനായി വകയിരുത്തണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തണം. പഞ്ചായത്തിലെ വിദ്യാലയങ്ങൾ ഉന്നയിക്കുന്നതിനനുസരിച്ച് അക്കാദമികവും ഭൗതീകവുമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നല്കുവാൻ തുക വകയിരുത്തണം. നമ്മുടെപഞ്ചായത്തിലെ ഏക ഗ്രൗണ്ടായ കുറുമശ്ശേരി റിക്രിയേഷൻ ഗ്രൗണ്ട് നവീകരിക്കുന്നതിനും ഫ്ളഡ് ലൈറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും ഫണ്ട് വകയിരുത്തണം. പൂവത്തുശ്ശേരിയിൽ നിലനിൽക്കുന്ന വലിയ കുളം നവീകരിച്ച് സൗന്ദര്യ വത്ക്കരണം നടത്തി വിനോദ സഞ്ചാരത്തിൻറെ വികസനത്തിനും നീന്തൽ പരിശീലന കേന്ദ്രമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാത്തിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് സഹായമാകുന്ന എൻട്രൻസ് കോച്ചിംഗ് സംഘടിപ്പിക്കണം. പുറമ്പോക്ക് ഭൂമി കണ്ടെത്തി ഒരു ടർഫ് കോർട്ട് നിർമ്മിക്കാനും അതുവഴി പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗം സൃഷ്ടിക്കുവാനും പഞ്ചായത്ത് ഇടപെടൽ നടത്തണം. യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കാർഷിക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. എസ് എസ് കെ വിഹിതം നിലവിൽ അപര്യാപ്തമായതിനാൽ കൂടിയ തുക (2000000) ഇരുപതു ലക്ഷം രൂപയാക്കി ഉയർത്തണം തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് വേണ്ടി തൊഴിൽ മേളകളും കരിയർഗൈഡൻസ് കോഴ്സുകളും നടപ്പാക്കുക. പ്രതിഭാ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് പഞ്ചായത്തിലെ യുവജനങ്ങൾക്ക് കലാപരിശീലനം ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ നടത്തണം. പഠനങ്ങൾ (വിദേശപഠനം ഉൾപ്പെട്ട) തയ്യാറാ ക്കുന്ന എസ് സി വിദ്യാർത്ഥികൾക്കും സാമ്പ ത്തികമായി പിന്നോക്കം നില്ക്കുന്ന വർഷം സാമ്പത്തീകസഹായ പദ്ധതികൾ നടപ്പക്കാണം. ലഹരി വിമുക്തതയിലേക്ക് കൂടതുൽ ഫണ്ട് ചെലവാക്കി ലഹരി വിരുദ്ധ പ്രവർത്തനം നന്നായി നടപ്പാക്കുക.	പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ കൂടുതൽ ആകർഷിക്കുന്നിന് പഠന നിലവാരം മെച്ചപ്പെടുത്തുക. വിദ്യാർത്ഥികൾക്ക് കലാകായിക പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനും യുവജനങ്ങൾക്ക് ഉൾപ്പെടെ പ്രയോജനം ലഭിക്കുന്നതിന് പഞ്ചായത്തുതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. കരിയർ തൊഴിൽ എൻട്രൻസ്.	ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് വേണ്ട രീതിയിൽ നടത്താൻ സാധിക്കാത്ത യുവജനങ്ങൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ന ട പ്പി ലാ ക്കു ക . പി.റ്റി.എ യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകുക. കൃത്യമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
പൊതുമരാമത്ത്	മൂഴിക്കുളം കണനാട്ട് കടവ് റോഡ്. കർത്തേൻ റോഡ് കരിപ്പാശ്ശേരി വട്ടപ്പറമ്പ് റോഡ് റീ ടാറിംഗ് ചെട്ടിക്കുളം കരിപ്പാശ്ശേരി കോളനി റോഡ് പുളിയനം 4-ാം വാർഡിൽ ഐക്യാട്ട് കടവ് കലുങ്ക് നിർമ്മാണം മെയിന്റനൻസ് നടത്തണം. മനക്കപ്പടി - വെള്ളിലപൊങ്ങ് റോഡ് നിർമ്മാണം നടത്തണം. ശ്രീകണ്ഠേശ്വരം സൊസൈറ്റി റോഡ് പൂർത്തികരണം. ശ്രീകണ്ഠേശ്വരം കനാൽ ബണ്ട് റോഡുകൾ ഇടിച്ച ഉള്ള ഭാഗം കെട്ടി സംരക്ഷിക്കുക. പുളിയനം വാർഡ് 3 തോട്ടപ്പിള്ളി പൊക്കം കാട്ടുചിറ - വാട്ടർ ടാങ്ക്- ഗവൺമെന്റ് എൽ പി സ്കൂൾ മാമ്പ്ര റോഡ് പണി നടത്തണം. പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പല പ്രദേശത്തും മോശപ്പെട്ട റോഡുകൾ നിലനിൽക്കുന്നത് അതുകൊണ്ട് പ്രവർത്തനം നടത്തി 5 വർഷത്തിന് മുകളിൽ കഴിഞ്ഞ റോഡുകൾ മുൻഘടന നിലയിൽ പണി പൂർത്തിക്കരിക്കുവാൻ താൽപര്യപ്പെടുന്നു. നിലവിൽ പഞ്ചായത്ത് ആസ്തി രജിസ്റ്റർ ഇൽപ്പെടുത്തിയിട്ടുള്ള 158 ശ്രീകണ്ഠേശ്വരം മുട്ടത്തറ റോഡ് വഴികൾ വ്യക്തമായ രേഖകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ലാത്തതുണ്ടെങ്കിൽ ടി റോഡുകൾ പഞ്ചായത്ത ആസ്തി രജിസ്റ്റർ നിന്ന് നീക്കം ചെയ്ത് ഒഴിവാക്കപ്പെട്ട ടി വഴികൾക്ക് ഫണ്ട് വയ്ക്കുമ്പോൾ പരാതികൾ മൂലം ഫണ്ട് ദുരുപയോഗം ഇല്ലാത്ത രീതിയിൽ രീതിയിൽ മറ്റ് റോഡുകളുടെ പണി പൂർത്തീകരിക്കുക. ഇലഞ്ഞിലോടി (14-ാം വാർഡ്) റോഡ് റീ ടാറിംഗ് ചെയ്യണം. അരുപാടം റോഡ് പണി പൂർത്തികരിക്കുക. (വാർഡ് 15) ഇറിഗേഷന്റെ അധിനനയിൽപെട്ട സ്ഥലങ്ങൾ കൈയ്യേറിയത് തിരിച്ച് പിടിച്ച് പഞ്ചായത്ത് വികസന പ്രവർത്തനത്തിന് വേണ്ടി ഇറിഗേഷന്റെ അനുമതിയോടെ ഉപയോഗിക്കുക ഐക്യാട്ടു കടവ് പാടം റോഡിന്റെ കലുങ്ക് നിർമ്മാണം നവീകരിക്കുക (വാർഡ് 4). 4-ാം വാർഡ് സബ്സെന്റർ ഇലക്ട്രിക്കൽ വർക്ക് നടത്തുക. കോളനികളുടെ മണ്ണ് ഇടിഞ്ഞ ഭാഗം കെട്ടി സംരക്ഷിക്കുക (വാർഡ്-14) കാച്ചപ്പിള്ളി ശ്മശാനം റോഡ് റീ ടാറിങ്ങും സൈഡ് കെട്ടി സംരക്ഷണവും നടത്തുക. കടുവേലി നമ്പർ 2 ഇറിഗേഷൻ സബ്കനാൽ മെയിന്റെനൻസ് നടത്തുക. അമ്പഴങ്ങ തോട് കെട്ടി സംരക്ഷിക്കണം. മള്ളൂക്കുഴി റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കി പുതുക്കി പണിയുക. ആത്മാവ് ജംഗ്ഷനിൽ നിന്നും കണ്ണൻകുളത്തേക്ക് പോകുന്ന റോഡ് റീ ടാറിംഗ്.പൂനിലാക്കാവ് പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കാന നിർമ്മിക്കുക. പാറക്കടവ് എൽ.പി സ്കൂൾ റോഡ് നവീകരണം നടത്തുക.	14-ാംപഞ്ചവത്സരപദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളേയും ഒന്നായി കണ്ട് റോഡുകൾ മെച്ചപ്പെടുത്തുക. തൊഴിലുറപ്പു പദ്ധതിയെ പൊതുമരാമത്ത് മേഖലയിൽ പ്രയോജനപ്പെടുത്തുക. ആവശ്യമായ ഓടകളും കലുങ്കുകളും നിർമ്മിക്കുക. കോളനി കളിലെ റോഡുകളി ഡ്രെയിനേജ് സൗകര്യം മെച്ചപ്പെടുത്തുക. പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ മെയിന്റനൻസ് നടത്തുക.	ല ്യമാക്കാൻ കഴിയുന്ന പരമാവധി ഫണ്ടുകൾ ലഭ്യമാക്കി പ്രയോജനപ്പെടുത്തുക. ഇതുവഴി സ്ക്കൂളുകൾ, അങ്കണവാടികൾ, ആരോഗ്യ സ്ഥാപനങ്ങൾ, കൃഷി ഭവൻ, മൃഗാശുപത്രി, പഞ്ചായത്ത് ഓഫീസ്, റോഡുകൾ എന്നിവയുടെ വികസനം സാദ്ധ്യമാക്കുക.

മേഖല	കാഴ്ച്ചപ്പാട്	നയസമീപനം	തന്ത്രം
ജൈവ വൈവിധ്യ മാനേജ്മെന്റ് - കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം	ഏലാത്തോട് നവീകരിക്കുക. ദുരന്ത നിവാരണത്തിന് ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.പഞ്ചായത്തിലെ വിവിധ തോടുകൾ കുളങ്ങൾ എന്നിവ കെട്ടി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. ദുരന്ത നിവാരണത്തിന് മുന്നറിയപ്പ് സംവിധാനങ്ങൾ ഒരുക്കുക. തോടുകളുടെ സ്വഭാവികമായ നീരൊഴുക്ക് സംരക്ഷിക്കുക. ഫല വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുക. ദുരന്ത നിവാരണം -പ്രളയത്തെ നേരിടുന്നതിന് എയർ ലൈഫ് ബോട്ട് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുക.	പ്രകൃതിക്ഷോഭത്തിൽ നിന്നും രക്ഷനേടുന്നതിൽ യുവാക്കളെ കണ്ടെത്തി വാർഡുതലത്തിൽ കർമ്മസേന രൂപീകരിക്കുകയും, പരിശീലനം, രക്ഷ ഉപകരണങ്ങൾ, മരുന്നകൾ എന്നിവ കാലാവസ്ഥ വ്യതിയാനം ഉണ്ടാകാതിരിക്കാനുള്ള തരത്തിലുള്ള കൃഷിരീതികൾ നടപ്പിലാക്കുക. മണ്ണ്, വെള്ളം,വായു മലിനമാക്കുന്ന തരത്തിലുള്ള രാസവളം പ്രയോഗം പ്രോത്സാഹിപ്പിക്കാതിരിക്കുക. പ്രകൃതിയെ സംരക്ഷിക്കുക.	പ്രകൃതിക്ഷോഭം, പകർച്ച വ്യാധികൾ, കോവിഡ് എന്നിവയെ മുന്നി കണ്ട ്, പ്രതിരോധിക്കാവുന്ന തരത്തിലുള്ള പ്രോജക്ട് തയ്യാറാക്കുക. നെല്ല്, ജാതി, തെങ്ങ് കർഷകരെ ഉൾപ്പെടുത്തി കൃഷി ഭവന്റെ നേതൃത്വത്തിൽ ജൈവ വള പ്രയോഗരീതി പകർന്നു നൽകുക. ദുരന്ത സമയത്ത് സഹായകമായ ഫൈബർ ബോട്ട് വാങ്ങൽ.വാട്ടർ ഷെഡ് പദ്ധതിയിലും ബ്ലോക്ക് പദ്ധതിയിലും യോജിപ്പിച്ച് ആലുവ -ഏലാത്തോട് നവീകരണവും കൊച്ചുകടവിൽ നിന്നും പുഴയിലേക്ക് വെള്ളം പോകാവുന്ന ഒരു തോട് നിർമ്മിക്കുക.

അധ്യായം 3

വിഭവ സമാഹരണം

ഇനം	2017-18	2018-19	2019-20	2020-21	2021-22
വികസന ഫണ്ട് (സാധാരണ വിഹിതം)	15039000	16542900	18197190	20016909	22018600
എസ്.സി.പി.	6506000	7156600	7872260	8659486	9525435
ധനകാര്യകമ്മീഷൻ വിഹിതം	8347000	9181700	10098870	11108757	12219633
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	10819000	11900900	13090990	14400089	1440010
മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)	3364000	3700400	4070440	4477484	4925235
തനതുഫണ്ട്	5000000	5500000	6050000	6655000	7320500
സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം	200000	220000	242000	266200	292820
കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം	80000	880000	968000	1064800	1171280
ഗുണഭോക്തൃ വിഹിതം	1500000	1650000	1815000	1996500	2196150

വികസന മേഖലകൾ

1. കൃഷി

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിന്റെ 2437 ഹെക്ടർവരുന്ന ആകെ ഭൂവിസ്തൃതിയിൽ കൃഷിയ്ക്ക് അനുയോജ്യമായ ഭൂവിസ്തൃതി 1813 ഹെക്ടർ ആണ്. അതിൽത്തന്നെ 1450 ഹെക്ടർ പ്രദേശത്തു മാത്രമാണ് കൃഷിചെയ്യുന്നത്. കൃഷിയോഗ്യമാണെങ്കിലും കൃഷിചെയ്യാത്തതായ 100 ഹെക്ടർ ഭൂമിയാണുള്ളത്. പ്രധാനമായും ജാതി, നെല്ല്, തെങ്ങ്, വാഴ എന്നീ വിളകളാണ് കൃഷി ചെയ്യുന്നത്. പ്രധാന ജല സ്രോതസാണ് ചാലക്കുടി പുഴ. ചാലക്കുടിപുഴയെ ആശ്രയിച്ചുള്ള ഏകദേശം ഏഴോളം ലിഫ്റ്റ് ഇറിഗേഷനുകളാണുള്ളത്.

പ്രധാനമായും കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ് കിഴക്കൻ മേഖലയിലെ ജലദൗർലഭ്യവും പടിഞ്ഞാറൻ മേഖലയിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ടും. അനധികൃത നില പരിവർത്തനവും നെൽപാടങ്ങൾക്ക് രൂപാന്തരംസം വിച്ചിട്ടുള്ളതും കൃഷി ഭൂമികൾ തരിശിടുന്നതുമാണ് ഈ പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ. നിലവിലുള്ള ഈ പ്രശ്നങ്ങൾ പരിഹരിക്കാനായാൽ ഗ്രാമപഞ്ചായത്തിന്റെ കാർഷിക ഭൂവിസ്തൃതി വർദ്ധിപ്പിച്ച് ഇതിലൂടെ ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാവും. നാളികേരത്തിന്റെയും വെളിച്ചെണ്ണയുടേയും വിലയിടിവും പല പ്രദേശങ്ങളിലേയും ജലസേചന സൗകര്യ കുറവും തൊഴിലാളി ക്ഷാമവുമാണ് തെങ്ങ് കൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. പച്ചക്കറി കൃഷി കൂടുതൽ വ്യാപകമാക്കുന്നതിനായി വിത്ത്, വളം എന്നിവ നൽകി വരുന്നു. തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് പച്ചക്കറി കൃഷി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സംസ്ഥാന മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ട ഒരു മേഖലയാണ്. പുഴയും, പൊതുകിണറുകളും, പൊതുതോടുകളും മാലിന്യവിമുക്തമാക്കി സംരക്ഷിക്കുകയും, കൃഷിക്കാവശ്യമായ ലിഫ്റ്റ് ഇറിഗേഷനുകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയും ഇറിഗേഷനുകളുടെ പ്രവർത്തനം കാര്യക്ഷമാക്കി പുതിയ ഇറിഗേഷനുകൾ കൊണ്ടുവന്ന് എളവൂർ പാറപോലുള്ള ജല സംഭരണികളിലേക്ക് കനാലുകൾ സ്ഥാപിച്ചും പൊതു കുളങ്ങൾ, സ്വകാര്യ കുളങ്ങൾ, മൊബൈൽ ലിഫ്റ്റ് ഇറിഗേഷൻ, കാർഷിക സമയക്രമം നടപിലാക്കി. മണ്ണ്, ജലം എന്നിവയുടെ സംരക്ഷണം ഉറപ്പാക്കുക, വനവൽക്കരണം ഉൾപ്പെടെയുള്ള പരിസ്ഥിതിയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടും സമഗ്ര നെൽകൃഷി, ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കി തരിശ് നിലങ്ങൾ കൂടുതൽ കൃഷിയോഗ്യമാക്കി നെൽകൃഷിയുടെ വ്യാപനം വർദ്ധിപ്പിക്കുവാനും നെൽകൃഷി കൂടുതൽ യന്ത്രവൽക്കരണമാക്കാൻ നമ്മൾ ഉദ്ദേശിക്കുന്നു. നെൽവയൽ മറ്റ് വിളകളിലേക്ക് മാറുന്നത് തടയുകയും നികത്തപ്പെടുന്നത് തടയുകയും എന്നത് നമ്മുടെ ലക്ഷ്യമാണ് . പരിസ്ഥിതി സംരക്ഷണം കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ജൈവപച്ചക്കറികൃഷി ഇടവിളകളേയും പരിപോഷിപ്പിക്കേണ്ടതുണ്. വനിതകളേയും കുടുംബശ്രീ യൂണിറ്റുകളേയും കാർഷിക മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുക എന്നതും അതുവഴി അവരുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്നതും നമ്മുടെ ലക്ഷ്യമാണ്. മത്സ്യ സമ്പത്ത് കാത്തു പരിപാലിക്കുന്നതിനും അതുവഴി ഉപജീവനം നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുകയും, പുഴയും പൊതു തോടുകളും, കുളങ്ങളേയും, മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചും, മത്സ്യ യൂണീറ്റുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതും നമ്മുടെ ലക്ഷ്യമാണ്. കാർഷിക മേഖല ഏറെ സഹായകമാകത്തക്ക വിധത്തിലും തൊഴിലുറപ്പ് പദ്ധതിയെ റോഡുകൾ, പൊതുകുളങ്ങൾ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കാനും തൊഴിലുറപ്പ് പദ്ധതി വഴി നടപ്പാക്കാൻ കഴിയുന്ന ചെറിയ ചെറിയ സംരഭങ്ങൾ കൊണ്ടുവരാൻ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കത്തക്കവിധത്തിൽ പരിസ്ഥിതി സംരക്ഷണം സഹായകമാകുന്ന വനവത്ക്കരണ പ്രവൃത്തികൾ ഏറ്റെടുക്കുവാനും, 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, ഭക്ഷ്യവിളകളുടെ

വിസ്തൃതിയും ഉദ്പാദനക്ഷമതയും വർദ്ധിപ്പിക്കുക. തരിശ് നിലങ്ങൾ പൂർണ്ണമായും കൃഷിയോഗ്യമാക്കുക. നെ കൃഷി ഗ്രൂപ്പ് ഫാമിംങ്ങ് കൃത്യതയോടെ നടപ്പിലാക്കുക. കാർഷിക വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുക. ജല സ്രോതസ്സുകൾ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ വർദ്ധിപ്പിക്കുക. പൊതു കുളങ്ങളും സ്വകാര കുളങ്ങളും ഉപയുക്തമാക്കി കൂടുതൽ ജലസേചന സൗകര്യ പദ്ധതികൾ രൂപപ്പെടുത്തുക.കാർഷിക സമയക്രമം ഉണ്ടാക്കി ഉൽപാദനം മെച്ചപ്പടുത്തുകയും കാലാവസ്ഥയ്ക്ക് അനുസൃതമായി കൃഷി രീതി തയ്യാറാക്കുക.

2. മൃഗസംരക്ഷണം

ഇന്നത്തെ അവസ്ഥ

ലൈവ്സ്റ്റോക്ക് സെൻസസ് 2012 പ്രകാരം ഗ്രാമപഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ

പശു - 1531
പോത്ത് - 354
ആട് - 2178
പന്നി - 126

കന്നുകാലികളിലെ വന്ധ്യതയാണ് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം. വന്ധ്യത നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെയാണ് പരിഹാരം കണ്ടെത്താനാവുക. പാലുല്പാദനത്തിനായി മാത്രമല്ല കൃഷിക്കാവശ്യമായ ജൈവ വളങ്ങൾക്കായും നാം കന്നുകാലികളെ ആശ്രയിക്കുന്നു. നെൽവയലുകളും പാടശേഖരങ്ങളും തരിശിടുന്നതും നെൽകൃഷി കുറഞ്ഞതും കന്നുകാലി വളർത്തലിനെ സാരമായി ബാധിച്ചിട്ടുണ്ട്. കന്നുകാലികൾക്കു വരുന്ന രോഗമാണ് ഈ മേഖലയിലെ മറ്റൊരു പ്രധാന പ്രശ്നം. ജലക്ഷാമം, കൃഷിസ്ഥലങ്ങളുടെ കുറവ്, തീറ്റപ്പുൽ ക്ഷാമം എന്നിവ ക്ഷീരോത്പാദനത്തെ ബാധിച്ചിട്ടുള്ള പ്രശ്നങ്ങളാണ്. കൃത്രിമാഹാരത്തെ ആശ്രയിക്കേി വരുന്നതും ഇതിന്റെ അമിതമായ വിലയും ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നു.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

മൃഗസംരക്ഷണ മേഖലയിൽ നാം നേരിട്ട് കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിച്ച് വരുകയാണ്. ഇതിന്റെ ഭാഗമായി അപ്പ്കോസ് ക്ഷീരസംഘങ്ങളും, പി.ഡി.ഡി.പി സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിനെ ആകെ ഏകോപിപ്പിച്ചുകൊണ്ട് ഒരു നല്ല മോണിറ്ററിംഗ് സംവിധാനം മുൻകാലങ്ങളെപ്പോലെ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഇതുവരെയും ജൈവവളങ്ങൾ, ജൈവ കീടനാശിനിയും ഉൽപ്പാദിപ്പിക്കപ്പെടാനും, പാലും പാൽ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും അതിന്റെ വിപണന സാധ്യതകളെയും പ്രയോജനപ്പെടുത്തി സർക്കാർ മിഷന്റെ ഭാഗമായി ലൈഫ് പദ്ധതി 9-ാം പദ്ധതിയിലെയും കരടിലേയും കൂട്ടി ചേർക്കുക. വീട് നിർമ്മിച്ച് കൊടുക്കുക എന്നതിനോടൊപ്പം അവർക്ക് ഒരു തൊഴിൽ എന്ന മിഷൻ ദൗത്യം പൂർത്തീകരിക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ക്ഷീര കർഷകർക്ക് പാൽ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക. മുട്ട, മാംസം എന്നിവയുടെ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സഹായം നൽകുക. പാൽ ഉദ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുക. ക്ഷീര മേഖലയിലെ പ്രവർത്തനങ്ങളെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുക.

3. സാമൂഹ്യ നീതി

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ ആകെ 31 അംഗനവാടികളാണുള്ളത്. ഇതി സ്വന്തമായി കെട്ടിടമില്ലാത്ത 6 അംഗൻവാടികൾക്കും കെട്ടിടം പണിയുന്നതിന് വേണ്ടികണ്ടെത്തിയ പുറംമ്പോക്ക് ഭൂമി പഞ്ചായത്തിന് ലഭ്യമാകതക്ക നടപടികൾ സ്വീകരിക്കുകയും കെട്ടിടം പണിയുന്നതിന് ഫണ്ട് കണ്ടെത്തുകയും ചെയ്യേണ്ടതാണ്. സ്വന്തമായി കുടിവെള്ള സൗകര്യമില്ലാത്ത അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഉണ്ടാക്കുക.

ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർ

മാനസീക പ്രശനമുള്ളവർ	- 163
ശാരീരികവൈകല്യമുള്ളവർ	- 270
ഓട്ടിസം ബാധിച്ചവർ	- 5
സെറിബ്രൽ പാൾസി ബാധിച്ചവർ	- 5
ബുദ്ധിപരമയവെല്ലുവിളി നേരിടുന്നുവർ	- 52
കാഴ്ചശക്തിഇല്ലാത്തവർ	- 16
കേൾവി/സംസാരശേഷിയില്ലാത്തവർ	- 39
ബഹു വൈകല്യമുള്ളവർ	- 16

നിലവിൽ ശാരീരീക മാനസീക വൈകല്യമുള്ള 65 കുട്ടികൾക്കാണ് സ്ക്കോളർഷിപ്പ് നൽകുന്നത്.

അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേ താണ്. പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലുംഅംഗപരിമിതർക്ക് പ്രത്യേക സൗകര്യങ്ങൾഒരുക്കേണ്ടതാണ്.

വൃദ്ധർ

60 വയസ്സിന് മുകളിലുള്ള എല്ലാ വയോജനങ്ങളുടേയും ജീവിതഭദ്രത ഉറപ്പാക്കുക. ഒറ്റപ്പെട്ട് കഴിയുന്ന വയോധികർക്കും മക്കളുടെ ജോലിതിരക്കുമൂലം കുടുംബത്തിൽ ഒറ്റപ്പെടുന്നവർക്കും മാനസീക ശാരീരീക ഉല്ലാസത്തിനായി പകൽ വീടുകൾ നിർമ്മിക്കേണ്ടത് ആവശ്യമാണ്. വയോജന കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും അവർക്കുവേണ്ടരോഗ പരിശോധനകൾ നടത്തിമരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കൺവാടി ഉണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്ത 6 എണ്ണം ഉണ്ട്. ഇതിന് കെട്ടിടം പണിയുക എന്നതും, ഭൂമി ഇല്ലാത്ത അങ്കൺവാടികൾക്ക് ഭൂമി കണ്ടെത്തുക എന്നതും അങ്കണവാടി സൗകര്യം ഇല്ലാത്ത പ്രദേശങ്ങളെ മനസ്സിലാക്കി പുതിയതായി അങ്കണവാടികൾ സ്ഥാപിക്കുക എന്നതുമാണ് ഒരു ലക്ഷ്യം. നിലവിൽ ഉള്ള അങ്കണവാടികളുടെ കുറവുകൾ പരിഹരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാന മിഷന്റെ ഭാഗമായ മാലിന്യ നിർമ്മാർജ്ജനം പരിസ്ഥിതി സൗഹൃദം, പ്ലാസ്റ്റിക് വിമുക്തമായ അങ്കണവാടിയാക്കി മാറ്റുക. പഞ്ചായത്തിൽ ആകെ വൈദ്യുതി, കുടിവെള്ളം, റോഡ് സൗകര്യങ്ങൾ കോമ്പൗണ്ട് വാൾ എന്നിവ എല്ലാം ഒരുക്കി സുരക്ഷിതമാക്കി അങ്കണവാടികളെ മാറ്റും. പഞ്ചായത്തിൽ ആകെ മാനസീക വെല്ലുവിളി നേരിടുന്ന 163, ശാരീരിക വൈകല്യം ഉള്ളവർ -270, ഓട്ടിസം ബാധിച്ചവർ-5, സെറിബൾ ബാൾസി ബാധിച്ചവർ-5, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ -52, കാഴ്ചശക്തി ഇല്ലാത്തവർ-16, കേൾവി/സംസാരശേഷി ഇല്ലാത്തവർ-39, പൊതു വൈകല്യം ഉള്ളവർ-16, വൃദ്ധർ, അഡോൾസെന്റ്, കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ ഇവർക്കെല്ലാം സമയബന്ധിതമായി സഹായങ്ങൾ എത്തിച്ചു കൊടുക്കുന്നു. അവരുടെ മാനസീകമായ ഉല്ലാസത്തി മെഡിക്കൽ ക്യാമ്പുകൾ, ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർ, വയോജനങ്ങൾ, മാനസീകവും ശാരീരികവുമായ ഉല്ലാസത്തിന് വയോജന കൂട്ടായ്മകൾ, രോഗ പരിശോധനയും മരുന്ന് നൽകലും, പക വീട് പദ്ധതി ഉൾപ്പെടെ നടപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. വയോജന കൂട്ടായ്മയും ക്ലാസ്സുകൾ സംഘടിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, കൗൺസിലിംഗുകൾ സംഘടിപ്പിക്കുക, ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംഘടിപ്പിക്കുക, ആധുനീക വീൽ ചെയറുകൾ നൽകുക, സൈക്കിൾ ടൂവീലർ എന്നിവ നൽകുക.

4. വനിതകളുടെയും,കുട്ടികളുടെയും വികസനം

ഇന്നത്തെ അവസ്ഥ

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ മുന്നിട്ടു നിൽക്കുമ്പോഴും തൊഴിൽ രംഗത്ത് പിന്നോക്കം നിൽക്കുന്ന അവസ്ഥ ഉണ്ട്. തൊഴിൽ ഇടങ്ങളും വാഹനങ്ങളും സ്ഥാപനങ്ങളും പൊതു സ്ഥലങ്ങളും മാത്രമ സ്വന്തം വീടു പോലും സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. സ്രീധനം, മദ്യ ഉപയോഗം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നീ സാമൂഹ്യവിപത്തുകൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്. 50 ശതമാനം സംവരണം ലഭിക്കുമ്പോഴും സാമൂഹ്യ കുടുംബ വ്യവസ്ഥിതിയിൽ മാറ്റമുണ്ടാകാതെ സ്ത്രീകൾക്ക് പൊതുരംഗത്ത് ശക്തരാകുവാൻ കഴിയുകയില്ല. ജീവിതശൈലിരോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഏറ്റവും കൂടുതൽ വനിതകൾക്കാണ്. ഇത്സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നത് ഉത്തമമാണ്. വനിതകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിന് വേണ്ടി സ്വയം തൊഴിൽ പദ്ധതികൾക്കായുള്ള ട്രെയിനിംഗ് നൽകുക. വനിതകൾക്കായി പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾ നൽകുക.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സ്ത്രീകളുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയുടെ നിലവാരത്തെ കാണിക്കുന്നു. പൗരാണിക ഭാരത ചരിത്രം പരിശോധിച്ചാൽ സത്രീകൾക്ക് ഉന്നതമായ സ്ഥാനം ലഭിച്ചിരുന്നതായി കാണാം. സ്ത്രീകൾ ആദരിക്കപെട്ടിരുന്നു, ബഹുമാനിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളോടുള്ള പെരുമാറ്റത്തിലും പ്രവർത്തനത്തിലും അപകടകരമായ ചില സൂചനകൾ കാണുന്നു. ഇതിന് മാറ്റം വരുത്താൻ സർക്കാരിന്റെ പുതിയ വിഷൻ പ്രവർത്തനങ്ങളേയും ജാഗ്രത സമിതിയും കുടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകൾക്ക് 50% സംവരണം ലഭ്യമാക്കപ്പെട്ട സംസ്ഥാനം ആണ് കേരളം എന്നുള്ളത് സ്ത്രീ ശാക്തീകണം വളരെ നല്ല നിലയിൽ നടപ്പാക്കി മുന്നോട്ട് പോകുന്നു എന്നും നമ്മളെ സംബന്ധിച്ച് അഭിമാനിക്കാവുന്നതാണ്. എന്നാൽ സ്ത്രീകൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ, ജീവിതശൈലി, രോഗങ്ങൾ മാറ്റി എടുക്കുന്നതിന് ഈ രംഗത്തെ ക്ലാസ്സുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതോടൊപ്പം അവർക്ക് ആവശ്യമായ ആശുപത്രി സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാഭ്യാസപരമായും, തൊഴിൽപരമായും കായികവും, കലാപരവും സാംസ്ക്കാരികവുമായ വനിതകളുടെ സേവനങ്ങൾ കുറെകൂടി മെച്ചപ്പെടുത്തി ചെയ്യേണ്ടതുണ്ട്. വനിതകൾക്കായി പ്രത്യേക തൊഴിൽ പരിശീലനവും വിദ്യാഭ്യാസ പരിശീലനവും അവരുടെ ജീവിത നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ ആയിട്ടുള്ള പരിശീലനവും നൽകാൻ ഉദ്ദേശിക്കുന്നു. അങ്കൺവാടികളെ ആകെ കേന്ദ്രീകരിച്ച് വനിതകളുടെ ജനനം മുതൽ മരണം വരെയുള്ള അവരുടെ ആവശ്യങ്ങൾക്കും, സഹായങ്ങൾക്കും ഉള്ള കേന്ദ്രമാക്കി മാറ്റുക എന്നത് പഞ്ചായത്ത് ലക്ഷ്യം വക്കുന്നു. കുടുംബശ്രീ തൊഴിലുറപ്പ് രംഗത്ത് കാർഷിക മേഖലയിൽ കുറെകൂടി മെച്ചപ്പെട്ട ഇടപെടലുകൾ വനിതകൾക്കായി നടപ്പാക്കാൻ 13-ാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിടുന്നു. വനിതകൾക്ക് തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക. ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉയർത്തുക, കുടുംബശ്രീ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുക. സാമൂഹീകമായ പദവി ഉയർത്തുക. അവരുടെ വരുമാനം വർദ്ധിപ്പിക്കുക. വനിതകൾക്കുള്ള തൊഴിൽ സേന.

5. ആരോഗ്യം

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ ആശുപത്രിയും ഒമ്പതോളം സ്വകാര്യ നേഴ്സിംഗ് ഹോമുകളും കൂടാതെ സർക്കാർ തലത്തിലുള്ള ആയുർവ്വേദ ആശുപത്രിയും ഹോമിയോ ഡിസ്പെൻസറിയും ഉണ്ട്. സാമ്പത്തികമായി പിന്നോക്കമുള്ള ഭൂരിഭാഗം ജനങ്ങളും ഈ ആശുപത്രികളെ ആശ്രയിക്കുന്നു. പകർച്ചവ്യാധി രോഗങ്ങൾ പൊതുവെകുറവാണ്. ജീവിതശൈലിയിൽ ഉണ്ടായ മാറ്റങ്ങൾകൊണ്ടുള്ള രോഗങ്ങൾ ഇല്ലാതാക്കുന്നതിന് യോഗക്ലാസുകൾ നടത്തുന്നത് അഭികാമ്യമാണ്.

ആയുർവേദാശുപത്രിയി പ്രധാനമായും ജീവിതശൈലി രോഗങ്ങൾക്കായുള്ള ചികിത്സക്കായാണ് രോഗികൾ എത്തുന്നത്. ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഒ.പികൾക്ക് ആവശ്യമായമരുന്നും പഞ്ചകർമ്മ ചികിത്സക്കായുള്ള സൗകര്യവും ലഭ്യമല്ല. ആശുപത്രിയി രോഗികൾക്ക് കാത്തിരിപ്പ് സ്ഥലവും ഫീഡിംഗ്റൂം എന്നീ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതായുണ്ട്. ആയുർവേദ ഡിസ്പെൻസറിയി പഞ്ചകർമ്മ ചികിത്സയ്ക്കുള്ള സൗകര്യവും കിടത്തി ചികിത്സാ സൗകര്യവും ഒരുക്കുന്നത് രോഗികൾക്ക് ആശ്വാസമേകുന്നതാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സംസ്ഥാന സർക്കാരിന്റെ ആർദ്ര മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിന് കീഴിൽ ഉള്ള ആയുർവ്വേദം, അലോപ്പതി, ഹോമിയോ എന്നീ ആശുപത്രികളെ നല്ല സേവനം ജനങ്ങളിലാകെ എത്തപ്പെടുവാൻ ക്രമീകരിച്ചുകൊണ്ടും ഈ സ്ഥാപനങ്ങളെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തികൊണ്ടും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി രോഗങ്ങൾക്ക് അടിസ്ഥാനമായ കാരണങ്ങളെ കുറിച്ച് പഠനം നടത്തി രോഗികൾക്ക് ആവശ്യമായ സഹായങ്ങൾ നേരിട്ട് വീടുകളിൽ എത്തിച്ചും, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന ജനങ്ങളുടെ ചെലവ് ഗണ്യമായി കുറക്കുന്നതിനുവേണ്ടി ഇടപ്പെട്ടും, ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ സൗജന്യ പരിശോധന ഉറപ്പാക്കിയും, ജീവിതശൈലി, രോഗങ്ങളിൽ നിന്ന് ജനങ്ങളെ മുക്തമാക്കുന്നതിനും, ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ചും ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തടുക്കുക എന്നതാണ് 14-ാം പഞ്ചവത്സരപദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം. ആർദ്രം പദ്ധതിയിൽ ആരോഗ്യ സ്ഥാപനങ്ങളിലൂടെ നേരിട്ട് സൗജന്യമായി കിടപ്പു രോഗികൾക്ക് ചികിത്സ ഉറപ്പാക്കുക. രോഗ നിർണ്ണയത്തിനും രോഗ പ്രതിരോധത്തിനും കൂടുതൽ പ്രാമുഖ്യം കൊടുക്കുക. ചികിത്സയ്ക്കായി വരുന്ന ചിലവുകൾ പരമാവധി കുറയ്ക്കുക. ജീവിത ശൈലി രോഗങ്ങളെ കണ്ടെത്താനും തടയാനും ആവശ്യമായ ബോധവൽക്കരണ പരിപാടികളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുക. മെഡിക്കൽ ക്യാമ്പ് നടത്തുക. ഖരമാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ പദ്ധതിയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടപദ്ധതിയും നടപ്പിലാക്കുക.

6. പട്ടികജാതി,പട്ടികവർക്ഷ വികസനം

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ ആകെ 20 പട്ടികജാതി സങ്കേതങ്ങളാണ് ഉള്ളത്. ഭൗതീക സാഹചര്യങ്ങളിൽ ഏറെമുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇന്നും ഒട്ടേറെ അവശത അനുഭവിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെടുന്നവർ. കുടിവെള്ളം, തൊഴിലില്ലായ്മ, വീടുകളുടെ ശോചനീയാവസ്ഥ, കുടുംബ വരുമാനത്തിലുള്ള കുറവ് ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ മേഖല നേരിടുന്നുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പുളിയനം, എളവൂർ, ഐ.എച്ച്.ഡി.പി കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തോടെ പൊതുടാപ്പുകളിലൂടെ വെള്ളം നൽകിവരുന്നു. കുറുമശ്ശേരി പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തുടങ്ങിയ കണ്ണംകുളം-കാവനത്തി കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതായുണ്ട്. പാറക്കടവ് ഐരൂർ ശുദ്ധജല പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾസ്വീകരിക്കേണ്ടതാണ്. കോളനികളിൽ അനുഭവപ്പെടുന്ന ശുചിത്വമില്ലായ്മക്ക് പരിഹാരമായി മാലിന്യ നിർമ്മാർജനത്തിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായുണ്ട്. പട്ടിക ജാതി സങ്കേതങ്ങൾക്ക് പുറത്ത് മറ്റു പൊതു വിഭാഗത്തിൽപ്പെടുന്നവരുമായി ഇടകലർന്ന് വസിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് കോളനിക്കകത്തു താമസിക്കുന്നവർക്കു ലഭിക്കുന്നത്ര ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി നിരവധി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ടെങ്കിലും കക്കൂസുകൾ ഇല്ലാത്തവരും, ഉള്ളതിൽത്തന്നെ ഉപയോഗ യോഗ്യമല്ലാത്തതും ആയ നിരവധി കുടുംബങ്ങൾ ഉണ്ട്. പട്ടികജാതി വിഭാഗത്തിന്റെ കൈവശമുള്ള ഭൂമിയിലെ മണ്ണൊലിപ്പു തടയുന്നതിന് സൈഡ് കെട്ടിസംരക്ഷിക്കുന്ന പദ്ധതി ഉണ്ടെങ്കിലും ഒറ്റപ്പെട്ടു കിടക്കുന്ന കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

ഇരുപത് പട്ടികജാതി സങ്കേതങ്ങളും, 18 വാർഡുകളിലായി സങ്കേതങ്ങളിൽ അല്ലാതെ താമസിക്കുന്നവരും കാലാകാലങ്ങളിൽ ആയി ഒട്ടേറെ സഹായ പദ്ധതികൾ ലഭ്യമാക്കി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ഇതിനായി ബോധവത്ക്കരണ ക്ലാസ്സുകളും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കി നമ്മുടെ വീടുകളിൽ കമ്പോസ്റ്റ് കുഴികൾ സ്ഥാപിച്ചും, വ്യാപാരസ്ഥാപനങ്ങൾ അവരുടെ മാലിന്യങ്ങൾ സ്വന്തമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കി സ്ക്കൂളുകളിലും,

വീടുകളിലും, അംഗൻവാടികളിലും, സബ്സെന്ററുകളിലും, ആശുപത്രികളിലും, സർക്കാരിന്റെ മറ്റിതര സ്ഥാപനങ്ങളിലും പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെ എ ായിടങ്ങളിലുംമാലിന്യം ഉ ാകാതെ നെക്കുവാനുള്ള പരിശ്രമവും നാം നടത്തേണ്ടതുണ്ട്. ജനകീയ പങ്കാളിത്തത്തോടെ പൊതുനിരത്തുകളും, പൊതു ഇടങ്ങളും ശുചീകരിക്കുവാൻ പൊതു തോടുകളും കുടിവെള്ള സ്രോതസ്സുകളിലും എല്ലാം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുവാനും നാം ലക്ഷ്യമിടുന്നു. അതോടൊപ്പം തന്നെ പുഴയും കുടിവെള്ള സ്രോതസ്സുകളും മലിനമാക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാനും അതിനാവശ്യമായ പൊതു ബോധവത്ക്കരണ പരിപാടികൾ നടത്തുവാനും നാം ലക്ഷ്യമിടുന്നു. സുലഭമായി മഴ ലഭിക്കുന്ന നമ്മൾ മഴവെള്ളമാകെ തോടുകൾ വഴി വളരെ പെട്ടെന്ന് കടലിൽ എത്തുന്ന പ്രവണത മാറ്റിയെടുത്ത് നമ്മുടെ കിണറുകളെ റീചാർജ് ചെയ്ത് മഴവെള്ളം ഭൂമിയിൽ സംഭരിക്കുവാൻ ശാസ്ത്രീയമായ മഴക്കുഴികൾ സ്ഥാപിച്ചും. മഴവെള്ള സംഭരണികൾ സ്ഥാപിച്ചും നമ്മുടെ പൊതുകുളങ്ങളും, തോടുകളും കെട്ടി സംരക്ഷിച്ചും നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി പണി പൂർത്തീകരിച്ച് കൊണ്ടിരിക്കുന്നു. അയിരൂർ, പാറക്കടവ് ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും ജനങ്ങൾക്കാകെ ശുദ്ധജലം എത്തിക്കുക എന്നതാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. എല്ലാവർക്കും വീട്, ഭൂരഹിതരായവർക്ക് ഭൂമിയും റോഡ് നിർമ്മാണം പൂർത്തീകരിക്കാത്ത മുഴുവൻ വീടുകൾ പൂർത്തീകരണം, സാമൂഹീക സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം, ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തൽ.

7. പ്രാദേശിക സാമ്പത്തിക വികസനം

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ ആകെ 224 അയൽക്കൂട്ടങ്ങളും 52 ജെ.എൽ.ജി ഗ്രൂപ്പുകളും 7 തൊഴിൽ ഗ്രൂപ്പുകളുമാണുള്ളത്. ലൈസൻസ് കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്, ആരംഭ ഘട്ടത്തിലുള്ള വരുമാനക്കുറവ്, ഉത്പന്നങ്ങൾക്കായുള്ള വിപണി കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, സർക്കാർ തലത്തിലുള്ള സഹായങ്ങൾ ലഭ്യമാകാത്തത് എന്നിവ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. പഞ്ചായത്ത് തലത്തിൽ പ്രത്യേകമായി വ്യവസായ മേഖലകൾ ആരംഭിക്കുക, സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക, സബ്സിഡി തുക ഉയർത്തുക എന്നിവ ഇതിനു പരിഹാരമാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

ആധുനിക വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ലാത്ത പഞ്ചായത്താണ് പാറക്കടവ്. ഒരു ചെറിയ സ്ഥാപനം തുടങ്ങുന്നതിനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പ്രാദേശിക പ്രശ്നങ്ങൾ കൂടുതൽ ആണ്. ഇത് പരിഹരിക്കുന്നതിന് വ്യവസായ പാർക്ക് എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കേണ്ടതുണ്ട്. സർക്കാർ ലൈഫ് മിഷൻ, യാഥാർത്ഥ്യമാക്കുന്നതിന് കുടുംബങ്ങളിൽ തൊഴിലും വരുമാനവും വർദ്ധിച്ചെങ്കിൽ മാത്രമേ സാധ്യമാകൂ. അതിനായി നിലവിലുള്ള 224 കുടുംബശ്രീ അയൽകൂട്ടങ്ങൾ 52 ജെ.എൽ.ജി ഗ്രൂപ്പുകൾ 7 തൊഴിൽ ഗ്രൂപ്പുകൾ കൂടുതൽ കാര്യക്ഷമമാക്കാനും ഇവർക്ക് ചെറിയ ചെറിയ സംരഭങ്ങൾ തുടങ്ങുവാൻ പരിശീലനവും, സഹായവും, കാർഷിക ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിന് ആശ്യമായ സൗകര്യങ്ങൾ സഹായങ്ങളും, കാർഷിക ഉൾപ്പന്നങ്ങളുടെ സംഭരണ വിതരണ കേന്ദ്രവും എന്നിവ പ്രാദേശിക സാമ്പത്തിക സഹായവുമാക്കി മാറ്റണമെന്ന് ഉദ്ദേശിക്കുന്നു. മൊബൈൽ, ഐ.ടി., ഇലക്ട്രോണിക്സ്, ഡ്രൈവിംഗ്, വീട്ടു ഉപകരണങ്ങൾ എന്നീ മേഖലകളിൽ പ്രത്രേകിച്ച് വനിതകൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിനും ക്ഷീര പരിപാലനം, മുട്ടകോഴി വളർത്തൽ, ആട് വളർത്തൽ, പൂകൃഷി എന്നിവയുടെ വാപനവും പ്രാദേശിക സാമ്പത്തിക മേഖലയിൽ വികസന സാധ്യത മെച്ചപ്പെടുത്താൻ സഹായിക്കുക എന്നതാണ് ലക്ഷ്യം. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തിനോടൊപ്പം കൂടുതൽ ആധുനീകവൽക്കരിക്കുകയും ഉപോൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ തയ്യാറാക്കുക. പദ്ധതികൾ വായ്പാ ബന്ധിത പ്രൊജക്ടുകൾ ആക്കി തയ്യാറാക്കുക. ചെറുകിട വ്യവസായങ്ങൾ, ഗ്രാമകുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക. കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിക്കുക

8. ദാരിദ്ര്യലഘൂകരണം

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ നിരവധി കുടുംബങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ പുളിയനം പ്രദേശങ്ങളിൽ റോഡ് സൗകര്യമില്ലായ്മമൂലം ഭവന നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഗ്രാമപഞ്ചായത്തിലെ നിരാലംബരുടെ സർവ്വേ നടത്തി അവർക്ക്വേണ്ട സൗകര്യങ്ങൾ എത്തിക്കുക. ആശ്രയ പദ്ധതി പ്രകാരം 193 കുടുംബങ്ങൾക്ക് സഹായം എത്തിക്കുന്നു. കാർഷിക പരമ്പരാഗത തൊഴിലുകൾ നഷ്ടമായതോടെ താഴെ തട്ടിലുള്ളവർ തൊഴിൽ രഹിതരായി മാറി. അന്യദേശ തൊഴിലാളികളും ,കുടിയേറ്റ തൊഴിലാളുകളും, അവസരങ്ങൾ കൈക്കലാക്കിയപ്പോൾ പ്രാദേശിക ദരിദ്ര വിഭാഗങ്ങളുടെ തൊഴിലവസരവും വരുമാനവും ഇല്ലാതായി. പെൺകുട്ടികളുടെ വിവാഹം, മാറാരോഗങ്ങൾ, നിത്യ ചെലവുകൾ എന്നിവ ജീവിതത്തെ ദുസ്സഹമാക്കി. ജീവിക്കുന്നതിനായി, ശേഷിക്കുന്ന പരിമിത ആസ്തികൾ വിൽക്കേണ്ടി വരുന്നു. ഇത് സ്ത്രീകളുടേയും കുട്ടികളുടേയും വയോജനങ്ങളുടേയും അവസ്ഥ ദുസ്സഹമാക്കി. കുടുംബശ്രീ സംരംഭങ്ങളുടേയും തൊഴിലുറപ്പു പദ്ധതിയുടേയും സഹായത്തോടെ ദാരിദ്ര്യ ലഘൂകരണം ഒരു പരിധി വരെ സാധ്യമാകുന്നു.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സംസ്ഥാന ഗവൺമന്റിന്റെ ലൈഫ് മിഷൻ പദ്ധതിയുടെ ാഗമായി പാറക്കടവ് ഗ്രാമപഞ്ചായത്തി സർവ്വേ നടത്തി പൂർത്തീകരിച്ചിട്ടുള്ള 617 കുടുംബങ്ങൾക്ക് ഇ.എം.എസ് എം.എൻ ലക്ഷം വീട് ഭവനപദ്ധതികളിൽ നേരത്തെ വീട് അനുവദിച്ചിട്ട് നിർമ്മാണം പൂർത്തീകരിക്കാത്തു മുൻകാലങ്ങളിൽ വിവധ ഭവന നിർമ്മാണ പദ്ധതി മുഖേന വീട് അനുവദിച്ചിട്ട് നിർമ്മാണം പൂർത്തീകരിക്കാത്ത ഒട്ടനവധി വീടുകളുടേയും നിർമ്മാണം പൂർത്തീകരിക്കുക എന്നതും ആശ്രയ അഗതി കുടുംബങ്ങൾക്ക് ഏതാണ്ട് 193. ഇവർക്ക് ആവശ്യമായ സഹായം എത്തിച്ചുകൊണ്ട് സമൂഹത്തിലെ അർഹതപ്പെട്ട ആളുകളെ പ്രത്യേകം കണ്ടെത്തി അവരുടെ ആവശ്യം മനസ്സിലാക്കി തൊഴിൽ സൗകര്യം ഉണ്ടാക്കുകയും, കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പാക്കിയും തൊഴിലുറപ്പ് പദ്ധതിയേയും, കുടുംബശ്രീ സംവിധാനങ്ങളേയും കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തിയും ദാരിദ്ര്യം ലഘൂകരിക്കുക എന്നതാണ് 14-ാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം.

9. പൊതു രണവും ധനകാര്യവും

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും തനതു പ്രവർത്തനങ്ങളുമാണ് ഒരു ഗ്രാമപഞ്ചായത്തിന് നിർവ്വഹിക്കാനുള്ളത്. ഭരണസേവന മേഖലകളുടെ സുതാര്യതയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പുവരുത്തുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ജനന മരണരജിസ്ട്രേഷൻ, വിവാഹരജിസ്ട്രേഷൻ, പെൻഷനുകൾ, പദ്ധതി രൂപീകരണം, കെട്ടിട നികുതി, അക്കൗണ്ട്സ് എന്നിവ ഇപ്പോൾ കമ്പ്യൂട്ടർ വത്കരിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ സംഘാടനം, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയും നിരവധി വ്യക്തിഗത സാമൂഹ്യ ആവശ്യങ്ങൾ, പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നിവയും പഞ്ചായത്ത്ഏറ്റെടുത്ത് നടത്തുന്നു. എന്നാൽ ഇതിന് അനുസൃതമായ മനുഷ്യ വിഭവശേഷി അപര്യാപ്തമായതിനാൽ പലപ്പോഴും പല പ്രവർത്തനങ്ങളും ഫലപ്രദമായരീതിയിൽ നടപ്പിലാക്കാൻ ആകുന്നില്ല.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സംസ്ഥാന ഗവൺമെന്റിന്റെ 4 മിഷനുകളെ ഏകോപിപ്പിച്ച് (ഹരിതകേരളം ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ യജ്ഞം) ഗ്രാമപഞ്ചായത്തിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും, കൃഷിഭവൻ, ഐ.സി.ഡി.എസ്, വെറ്ററിനറി , ഹോമിയോ, ആയുർവ്വേദം, അലോപ്പതി, തൊഴിലുറപ്പുപദ്ധതി, സി.ഡി.എസ്, വി.ഇ.ഒ എഞ്ചിനീയറിംഗ് വിഭാഗം, സ്കൂളുകൾ എന്നീ സംവിധാനങ്ങളെയാകെ കൃത്യമായി മോണിറ്ററിംഗ് ചെയ്ത് സാധാരണക്കാർക്ക് ഇവയുടെ സൗകര്യം സമയബന്ധിതമായി കാര്യക്ഷമമായും സുതാര്യമായു ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കി, ഇതിനാവശ്യമായ ക്രമീകരണങ്ങളും ബോധവത്ക്കരണ പരിപാടികളും ഉറപ്പാക്കുക. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ സമയബന്ധിതമാക്കാനും അവകാശങ്ങൾ

നേടികൊടുക്കുന്നതോടൊപ്പം കടമകളെക്കുറിച്ചുള്ള ചിന്ത വർദ്ധിപ്പിക്കുവാനും അംഗപരിമിതർ, സ്ത്രീകൾ, വൃദ്ധർ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പഞ്ചായത്ത് ഓഫീസുകളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും എത്തിച്ചേരുമ്പോൾ അവർക്ക് ആവശ്യമായ സേവനവും സഹായവും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക, ജനന-മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, പെൻപദ്ധതികളുടെ രൂപീകരണം, കെട്ടിട നികുതി, അക്കൗണ്ട്സ് എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചു കൊണ്ട് പദ്ധതി പ്രവർത്തനങ്ങളെ സംഘാടനം, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയും കാര്യക്ഷമമാക്കുകയും ജനങ്ങളുടെ നിരവധിയായ വ്യക്തിഗതവും സാമൂഹികമായ പ്രശ്നങ്ങൾ, എന്നിവ പൂർണ്ണമായി പരിഹരിക്കുന്നതിനും ആവശ്യമായ മനുഷ്യ വിഭവശേഷി അപര്യാപ്തമായതിനാൽ പലപ്പോഴും പല പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ട്. എന്നാൽ ഇതെല്ലാം പരിഹരിച്ചുകൊണ്ട് വിവിധ സാമ്പത്തിക സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും കഴിയാവുന്നത്ര വിഭവസമാഹരണം നടത്തിക്കൊണ് ജനങ്ങളുടെ പ്രശ്ന പരിഹാരത്തിന് സാധ്യമായ എല്ലാം ചെയ്യുക എന്നതാണ് ലക്ഷ്യം. തനത് വരുമാനം വർദ്ധിപ്പിക്കാൻ പഞ്ചായത്തിന്റെ വിഭവശേഷി പരമാവധി പ്രായോജനപ്പടുത്തുക എന്നതാണ് ലക്ഷ്യം. പുതിയ ആസ്തികൾ സൃഷ്ടിക്കുക, നിലവിലുള്ളത് സംരക്ഷിക്കുക, വിവിധ സ്രോതസ്സുകളിൽ നിന്നും പരമാവധി ഫണ്ട് സ്വരൂപിക്കുക. സൃഷ്ടിക്കുന്ന ആസ്തികൾ കൂടുതൽ ആധുനീകവൽക്കരിക്കുക, സൗകര്യ പ്രദമാക്കുക. ജനസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുക.

10. കുടിവെള്ളം, ശുചിത്വം

ഇന്നത്തെ അവസ്ഥ

പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 18 വാർഡുകളിലായി 8700 കെട്ടിടങ്ങളുണ്ട്. ആകെ ജനസംഖ്യ 30752 ആണ്. ദ്രുതഗതിയിൽ വികസിച്ചു കൊണ്ടിരിക്കുന്ന പഞ്ചായത്തിൽ മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടക്കുന്നില്ല. 2013-14,16-17 കാലഘട്ടങ്ങളിലായി വീടുകളിലെ മാലിന്യ സംസ്ക്കരണം സാധ്യമാക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യാൻ സാധിച്ചു. വലുതും ചെറുതുമായ മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ശ്വാശ്വതമായ ഒരു പരിഹാര മാർഗം കണ്ടെത്തേണ്ടതായുണ്ട്.

ധാരാളം കുളങ്ങളും പുഴയും ഉള്ള പഞ്ചായത്ത് ആണെങ്കിലും പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളി വേനൽക്കാലം ആരംഭിക്കുന്നതോടെ കുടിവെള്ളത്തിനായി ടാങ്കറുകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. കുടിവെള്ള പര്യാപ്തത നേടുന്നതിന് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളാണ് പുളിയനം ഐ.എച്ച്.ഡി.പി. കുടിവെള്ള പദ്ധതി, എളവൂർ ഐ.എച്ച്.ഡി.പി. കുടിവെള്ള പദ്ധതി, ചെട്ടിക്കുളം കോളനി കുടിവെള്ള പദ്ധതി എന്നിവ . കുറുമശ്ശേരി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് കണ്ണംകുളങ്ങര കാവനത്തിൽ കുടിവെള്ള പദ്ധതി. നിലവിൽ കുറുമശ്ശേരി പ്രദേശത്ത് വാട്ടർ അതോറിറ്റി മുഖേന കുടി വെള്ളം എത്തുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു 2016-17 വാർഷിക പദ്ധതിയിൽ തുക വകയിരുത്തി വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുണ്ട്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ ശുദ്ധജലത്തിന് കൂടുതൽ ക്ഷാമം അനുഭവിക്കുന്ന പഞ്ചായത്താണ്. ലോകത്ത് ഇനിയൊരു യുദ്ധമുണ്ടായാൽ അത് ശുദ്ധജലത്തിന് വേണ്ടിയായിരിക്കുമെന്നാണ് പുതിയ നിഗമനം. ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ കുടിവെള്ള സ്രോതസ്സുകളെ ആകെ മാലിന്യ വിമുക്തമാക്കി സംരക്ഷിപ്പിക്കുക എന്നതാണ് നമ്മുടെ ഒന്നാമത്തെ ലക്ഷ്യം. നമ്മുടെ വീടുകളിൽ പൊതുകുളങ്ങളും, പൊതുതോടുകൾ, പൊതു കിണറുകൾ സ്വകാര്യകിണറുകൾ എന്നിവ മാലിന്യവിമുക്തമാക്കേണ്ടതുണ്ട്. ഇതിനായി നമ്മുടെ ബോധനിലവാരത്തിൽ തന്നെ മാറ്റം വരുത്തി, മാലിന്യങ്ങൾ വലിച്ചെറിയുന്ന സംസ്ക്കാരം ഉപേക്ഷിച്ച് ഉറവിടങ്ങളിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ഇതിനായി ബോധവത്ക്കരണ ക്ലാസ്സുകളും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കി നമ്മുടെ വീടുകളിൽ കമ്പോസ്റ്റ് കുഴികൾ സ്ഥാപിച്ചും, വ്യാപാര സ്ഥാപനങ്ങൾ അവരുടെ മാലിന്യങ്ങൾ സ്വന്തമായി നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിയും സ്ക്കൂളുകളിലും, വീടുകളിലും, അങ്കണവാടികളിലും, സബ്സെന്ററുകളിലും,

ആശുപത്രികളിലും സർക്കാരിന്റെ മറ്റിതര സ്ഥാപനങ്ങളിലും പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെ എല്ലായിടങ്ങളിലും മാലിന്യം ഉണ്ടാകാതെ നോക്കുവാനുള്ള പരിശ്രമവും നാം നടത്തേണ്ടതുണ്ട്. ജനകീയ പങ്കാളിത്തത്തോടെ പൊതുനിരത്തുകളും, പൊതുഇടങ്ങളും ശുചീകരിക്കുവാൻ പൊതുതോടുകളുടെ സമീപത്തും കുടിവെള്ള സ്രോതസുകളിലുമെല്ലാം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുവാനും നാം ലക്ഷ്യമിടുന്നു. അതോടൊപ്പം തന്നെ പുഴയും കുടിവെള്ള സ്രോതസുകളും മലിനമാക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാനും അതിനാവശ്യമായ പൊതുബോധവത്കരണ പരിപാടികൾ നടത്തുവാനും ലക്ഷ്യമിടുന്നു. സുലഭമായി മഴ ലഭിക്കുന്ന നമ്മൾ മഴവെള്ളമാകെ തോടുകൾ വഴി ഒഴുക്കി കളയുന്ന പ്രവണത മാറ്റിയെടുത്ത് കിണറുകളെ റീചാർജ് ചെയ്ത് മഴ വെള്ളം ഭൂമിയിൽ സംഭരിക്കുവാൻ ശാസ്ത്രീയമായ മഴക്കുഴികൾ സ്ഥാപിച്ചും മഴ വെള്ള സംഭരണികൾ സ്ഥാപിച്ചും നമ്മുടെ പൊതുകുളങ്ങളും തോടുകളും കെട്ടി സംരക്ഷിച്ചും നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി പണിപൂർത്തീകരിച്ച് കൊണ്ടിരിക്കുന്ന അയിരൂർ, പാറക്കടവ് ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും ജനങ്ങൾക്കാകെ ശുദ്ധജലം എത്തിക്കുക എന്നതാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. മഴവെള്ളക്കൊയ്ത്ത്, കിണർ റീചാർജ്ജിംഗ്, മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, നീർത്തടങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങളിലൂടെ മണ്ണിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. പുഴകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ മാലിന്യ മുക്തമാക്കി സംരക്ഷിക്കുക. ജൽജീവൻ മിഷനുമായി സഹകരിച്ച് മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധജല വിവതരണം.

11. വിദ്യാഭ്യാസം, കലയും സംസ്ക്കാരവും, യുവജനവും

ഇന്നത്തെ അവസ്ഥ

അഞ്ചു ഗവൺമെന്റ് എൽ.പി.സ്ക്കൂളുകളും ഒരു ഗവൺമെന്റ് ഹൈസ്ക്കൂളും രണ്ടു എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളും അഞ്ചോളം എയ്ഡഡ് യു.പി.സ്ക്കൂളുകളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സ്ക്കൂളുകളിലെല്ലാം തന്നെ കുടിവെള്ളവും ടോയ്ലെറ്റ് സൗകര്യവും ലഭ്യമാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തി പൊതു വിദ്യാഭ്യാസ മേഖലയിലേക്ക് ജനങ്ങളെ കൂടുതൽ ആകർഷിക്കുക എന്നതാണ് സർക്കാർ മിഷന്റെ പ്രധാന ദൗത്യം. ഇത് പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്തിൽ ആകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാലിന്യമുക്തമാക്കാനും, ശുദ്ധജലം ഉറപ്പാക്കി നല്ല ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കി മെച്ചപ്പെട്ട ക്ലാസ്സ് മുറികളും ആധുനികമായ പഠന സംവിധാനങ്ങളും, വിദ്യാർത്ഥികളുടെ മാനസീക പിരിമുറുക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനും, ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അവരുടെ കലാകായിക പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രത്യേകിച്ച് പെൺകുട്ടികൾക്ക് ഉൾപ്പെടെ സെൽഫ് ഡിഫൻസ് സംവിധാനം ഒരുക്കി കൊണ്ട് ഇതിനെല്ലാം വേ ി അദ്ധ്യാപകരെ കൂടുത പ്രാപ്തരാക്കി അവർക്ക് ആവശ്യമായ പരിശീലനവും നടത്തിയും സമൂഹത്തിൽ വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കി വിദ്യാർത്ഥികൾ എന്ന നിലയിൽ അവർക്ക് ഈ നാടിനോടും വീടിനോടും കൃഷയും പരിസ്ഥിതിയും മണ്ണ്, ജല സംരക്ഷണത്തിന്റെ ആവശ്യകതയും മനസ്സിലാക്കതക്ക വിധത്തിലുള്ള ഒരു നല്ല വിദ്യാഭ്യാസ യഞ്ജത്തിലൂടെ 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. ഇതിന് ആവശ്യമായ ഭൗതീക അടിസ്ഥാനം ഒരുക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം. വായനശാലകളെ കൂടുതൽ ജന സൗഹൗദവും അതുവഴി വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും കലാപരമായും, വിദ്യാഭ്യാസപരമായും വളരുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക. ആധുനിക നവമാധ്യമ സൗകര്യങ്ങൾ ഒരുക്കുക. കലാരംഗത്തും സ്പോർട്ട്സ് രംഗത്ത് പ്രത്യേക പരിശീലനവും അംഗീകാരവും നൽകുക. നീന്തൽ, ഫുട്ബോൾ, വോളിബോൾ എന്നിവയ്ക്ക് പ്രത്യേക കോച്ചിംഗ് സംഘടിപ്പിക്കുക. മിനി സ്റ്റേഡിയം നിർമ്മിക്കാൻ ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ 14-ാം പദ്ധതിയിൽ ഉദ്ദേശിക്കുന്നു. പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ കൂടുതൽ ആകർഷിക്കുന്നിന് പഠന നിലവാരം മെച്ചപ്പെടുത്തുക. വിദ്യാർത്ഥികൾക്ക് കലാകായിക പ്രവർത്തനങ്ങളിൽ പരിശിലനം നൽകുന്നതിനും യുവജനങ്ങൾക്ക് ഉൾപ്പെടെ പ്രയോജനം ലഭിക്കുന്നതിന് പഞ്ചായത്തു തല സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. കരിയർ തൊഴിൽ എൻട്രൻസ്.

12. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

ഇന്നത്തെ അവസ്ഥ

പാറക്കടവ്-ഐരൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിപൊളിച്ചതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിലെ പല റോഡുകളും നിലവിൽ സഞ്ചാര യോഗ്യമല്ലാതായിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ പല പ്രദേശങ്ങളിലും റോഡുകൾ ഗതാഗത യോഗ്യമല്ലാത്തവയാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ പ്രയോജനപ്പടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജോത്പാദന രംഗത്ത് സ്വയം പര്യാപ്തത നേടാവുന്നതാണ്. പഞ്ചായത്തിലെ ഒട്ടു മിക്ക റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും സ്ട്രീറ്റു മെയിൻ വലിയ്ക്കാത്ത പ്രദേശങ്ങൾ ഉള്ളതിനാൽ ഈപ്രദേശങ്ങളിൽ സ്ട്രീറ്റു മെയിൻ സ്ഥാപിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തി 197 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള തെരുവു വിളക്കുകളുടെ സംരക്ഷണവും പരിപാലനവും കാര്യക്ഷമമായി നടത്തപ്പെടുന്നുണ്ട്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

9-ാം പദ്ധതി ജനകീയ പദ്ധതി എന്ന നിലയിൽ 1-ാം ജനകീയ ആസൂത്രണ പ്രസ്ഥാനം വഴിയാണ് കേരളത്തിനകത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ റോഡുകളുടേയും സ്ഥാപനങ്ങളുടേയും ഇന്നീ കാണുന്ന പുരോഗതി ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിലും 28 കി.മീ. റോഡുകൾ ടാറിംഗ് നടത്താനും സ്ഥാപനങ്ങൾ നിർമ്മിക്കാനും ഇത്രയധികം സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്രവൃത്തി നടത്തുവാനുമാണ് നമുക്ക് സാധിച്ചത്. ഇതിൽ പഞ്ചായത്ത് ഓഫീസും ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങളും, അംഗനവാടികളും, കൃഷിഭവൻ, മൃഗാശുപത്രി തുടങ്ങിയ ഒട്ടനവധി സ്ഥാപനങ്ങൾ ഈ പരിധിയിൽ വരുന്നതാണ്.

നവ കേരള സൃഷ്ടിയുടെ ഭാഗമായി 14-ാം പഞ്ചവത്സര പദ്ധതി 2-ാം ജനകീയാസൂത്രണത്തിന്റെ ഭാഗമായി മാറുന്നു. നമ്മൾ ലക്ഷ്യം വയ്ക്കുന്ന സർക്കാർ കൊണ്ടുവന്നിട്ടുള്ള നാലു മിഷനുകളുടെ കീഴിൽ നമ്മുടെ പഞ്ചായത്തിലും കാർഷിക മേഖലയ്ക്കും മാലിന്യ സംസ്ക്കരണത്തിനും പൊതുവിദ്യാലയങ്ങളുടെ വളർച്ചയ്ക്കും ആരോഗ്യ മേഖലയുടെ പരിപാലനത്തിനും, ഇതുവഴി ജനങ്ങളുടെ പുരോഗതിക്കും ഇനിയും നമ്മുടെ സ്ഥാപനങ്ങൾ കൂടുതൽ ആധുനികമായും മെച്ചപ്പെട്ട രീതിയിലും പുനർ നിർമ്മിച്ച് ജനങ്ങൾക്ക് സൗകര്യ പ്രദമായ രീതിയിൽ മാറ്റി എടുക്കുവാനും, ഇവിടെ എത്തുന്ന ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാനും 14-ാം പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

നമ്മുടെ 147 കി. മീ വരുന്ന മൺ റോഡുകളും 28 കി.മീ വരുന്നമെറ്റൽ റോഡുകളും 45 കി.മീ വരുന്ന ടാറിംഗ് നടത്തിയിട്ട് വർഷങ്ങൾ പിന്നിട്ട് കേടുപാടുകൾ സംഭവിച്ച റോഡുകളും, വർദ്ധിച്ചു വരുന്ന കുടി വെള്ള ക്ഷാമവും കൂടി കണക്കിലെടുത്ത് പരിസ്ഥിതി സൗഹൃദ റോഡുകളാക്കി മാറ്റാനും റോഡുകളുടെ ടാറിംഗും മറ്റും പൂർത്തീകരിക്കുന്ന മുറയ്ക്ക് റോഡിന്റെ ഇരു വശങ്ങളും തൊഴിലുറപ്പുപദ്ധതിയുമായി കൂട്ടിചേർത്തു കൊണ്ട് റോഡുകളുടെ സുരക്ഷിതത്വം കൂടുതൽ മെച്ചപ്പെടുത്തുക എന്നതും, കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നു. യന്ത്രവൽക്കരണം വഴി കൃഷി ലാഭകരമാക്കുന്നതിനും നെൽപാടങ്ങളിലേക്ക് മെച്ചപ്പെട്ടറോഡുകൾ നെൽപാടങ്ങൾ അങ്ങനെതന്നെ നിലനിർത്തി നിർമ്മിക്കേണ്ടതും ആവശ്യകതയാണ്. ഇതോടൊപ്പം തന്നെ ഊർജ്ജ രംഗത്തും സോളാർ പദ്ധതികൾ കൊണ്ടുവന്നും വൈദ്യുതിയുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും നമ്മുടെ സ്ഥാപനങ്ങളിലും പൊതുറോഡുകളിലും വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് നമുക്കാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതും 14-ാം പദ്ധതിയിൽ നാം ലക്ഷ്യം വയ്ക്കുന്നു. 2-ാം ജനകീയാസൂത്രണ പ്രവർത്തനം നവകേരള സൃഷ്ടി പൂർത്തിയാകത്തക്ക വിധം നമ്മുടെ പഞ്ചായത്തും കൂടുതൽ സുതാര്യമായി ജന പങ്കാളിത്തത്തോടുകൂടി അടിസ്ഥാന മേഖലയുടെ വികസനം, ദ്രുത ഗതിയിൽ ഏറ്റവും മെച്ചപ്പെട്ട സംവിധാനം ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് നാം ലക്ഷ്യം വയ്ക്കുന്നത്.